AUGUST-SEPTEMBER 2023 Vol. 9 Issue 101-102

Price: ₹ 50/-

# ഇഫെക്ടീവ് ആഡ്കോം EFFECTIVE ADCOM

INSIDE OUTSIDE AD WORLD

THE FIRST ADVERTISING & MARKETING MAGAZINE IN MALAYALAM

THE WORLD OF EFFECTIVE COMMUNICATION





Happy Onam

ശങ്കരൻകുട്ടി എന്ന
ശകുവിനെ ഓർക്കുമ്പോൾ

ഋഷി ശങ്കറിന്റെ
കാർട്ടൂണുകളും കാരിക്കേച്ചറുകളും

പെൻസിലാശാനും
കാർട്ടൂണുകളും

സർഗസിദ്ധിയുടെ കലവറ
ആര്യനാട് രാജേന്ദ്രൻ

BRANDING • MODEL WATCH • MARKETING • CONCEPT SHOOT



MOST TRUSTED OET EXAM
COACHING CENTRE
The expert and perfect guidance offered for
NCLEX - RN & PROMETRIC EXAMS
Specially designed courses for
OET 2.0 • RN-USA
NNAS (Canada)
Online Coaching available
New Batch starts on every Monday
Registration assistance for all Exams
Most Trusted agency for NCLEX-RN Registration
Admission Helpline
0481 - 2300396 / 380
99468 59475
Application assistance to all Nursing Boards in U.S.A
CHAZ ACADEMY
Arafa Tower, Vth Floor, Near SBI Branch, Thirunakkara, Kottayam-1
Email: chazacademykottayam@gmail.com, chaz_ktm@yahoo.com
www.chazusa.in

# ഇനി ഓൺലൈനിലൂടെ മാത്രമല്ല ഫോണിലൂടെയും ഹോസ്പിറ്റൽ അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യാം

2016 ജൂലൈ ഒന്നിനാണ് (ദേശീയ ഡോക്ടേഴ്സ് ദിനം) ക്വിക് ഡോക് ഡോട് കോം കേരള ജനതയ്ക്കായി സമർപ്പിച്ചത്.

ഹോസ്പിറ്റലുകളുടെയും ക്ലിനിക്കുകളുടെയും അപ്പോയ്ന്റ്മെന്റ് ബുക്കുചെയ്യാൻ സഹായിക്കുന്ന ഓൺലൈൻ ആപ്ലിക്കേഷനാണ് ക്വിക്ഡോക്ഡോട്കോം.ഇപ്പോൾ 142 ആശുപത്രികളിലും 113 ക്ലിനിക്കുകളിലുമായി കേരളത്തിലെ വിദഗ്ധരായ 2743 ഡോക്ടർമാരുടെ അപ്പോയിന്റ്മെന്റുകൾ ലഭ്യമാണ്. നിങ്ങളുടെ റജിസ്ട്രേഷനിലൂടെ നിങ്ങളുടെ ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ അപ്പോയിന്റ്മെന്റ് എടുക്കാം.

ഒരു മാസം മുമ്പു മുതൽ അപ്പോയിന്റ്മെന്റുകൾ ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 8 മണി വരെ അതത് ദിവസത്തെ ഏറ്റവും അടുത്ത ടോക്കണുകൾ ലഭിക്കും. അതുപോലെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ഏത് ആശുപത്രിയിലുണ്ട് എന്നും ഏതൊക്കെ ആശുപത്രികളിൽ എന്തൊക്കെ സേവനങ്ങൾ ഉണ്ട് എന്നും അറിയാം.

നിങ്ങൾ എടുക്കുന്ന അപ്പോയിന്റ്മെന്റുകൾ സ്ഥിരീകരിക്കാനായി qkdoc.com കസ്റ്റമർ കെയർ ടീം നിങ്ങളെ സഹായിക്കും. അതുപോലെ ഏതു സമയത്ത് ചെല്ലണമെന്നും നിർദേശം തരും. കൂടാതെ പൊതുജനങ്ങൾക്കായി സൗജന്യ രോഗനിർണയ ക്യാംപുകളും ആരോഗ്യ സെമിനാറുകളും ആശുപത്രികളുമായി സഹകരിച്ച് നടത്തുന്നുണ്ട്.


## അപ്പോയിന്റ്മെന്റ് എടുക്കുവാൻ 2 വഴികൾ

**ഓപ്ഷൻ 1** A) qkdoc.com വെബ്സൈറ്റ് അല്ലെങ്കിൽ qkdoc ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് റജിസ്റ്റർ ചെയ്യുക B) വേണ്ട ആശുപത്രി/ക്ലിനിക്/ഡോക്ടർ/ സ്പെഷലൈസേഷൻ സേർച്ച് ചെയ്യുക C) ലഭ്യമായ ടോക്കണുകൾ നേടുക D) റജിസ്ട്രേഷനിലൂടെ നിങ്ങൾക്കോ, സുഹൃത്തുക്കൾക്കോ, ബന്ധുക്കൾക്കോ, ടോക്കണുകൾ നേടാം. അതിനായി Book for another parent ക്ലിക്കു ചെയ്ത് മുൻപോട്ട് പോകുക.

**ഓപ്ഷൻ 2** A) അപ്പോയിന്റ്മെന്റുകൾ എടുക്കാനായി 7012612323 (24 x 7) (ഞായറാഴ്ചകളിലും) 8943927714, 0481-2587421 / 422 (രാവിലെ ഒമ്പതു മുതൽ വൈകിട്ട് 6 വരെ) നമ്പരുകളിലേക്ക് വിളിക്കാം B) നിങ്ങൾക്ക് ആവശ്യമായ ആശുപത്രി / ക്ലിനിക്ക് / ഡോക്ടർ എന്നീ വിവരങ്ങൾ പറയുക C) നിങ്ങളുടെ ഫോണിൽ വരുന്ന എസ്എംഎസ്ൽ നിന്നും ഒടിപി നമ്പർ പറഞ്ഞുകൊടുക്കുമ്പോൾ ലഭ്യമായ ടോക്കണുകൾ നൽകുന്നു.

## ഡോക്ടറുടെ അപ്പോയ്ന്റ്മെന്റിനായി വിളിക്കുക

**7012612323 (24x7)**
**0481 2587421 / 422**
(9 am to 6pm)




**ആശുപത്രികളും ക്ലിനിക്കുകളും qkdoc.com ൽ റജിസ്റ്റർ ചെയ്യുവാനായി വിളിക്കുക : 8086137088, 9447732525**

- വിളിക്കുക 7012612323 (24x7) 0481 2587421/422 (9 am to 6pm)
- നിങ്ങളുടെ ആശുപത്രി/ക്ലിനിക്/ഡോക്ടർ എന്നീ വിവരങ്ങൾ പറയുക
- നിങ്ങൾക്കു വരുന്ന SMS ലെ OTP നമ്പർ പറഞ്ഞുകൊടുക്കുമ്പോൾ ലഭ്യമായ ടോക്കണുകൾ നൽകുന്നു

മലയാള മനോരമ

QKDOC.com
Doctor appointments made easy
Powered by manoramaonline

# ഉള്ളടക്കം

Vol. 9 | Issue 101 &102| August-September 2023

Cover:
**Annie C**

Costume & Coordination:
**Smruthy Simon**











6 **ശങ്കരൻകുട്ടി എന്ന ശകുവിനെ ഓർക്കുമ്പോൾ**

9 MODEL WATCH

14 CONCEPT SHOOT

34 BRIDAL SHOOT

42 **ഋഷി ശങ്കറിന്റെ കാർട്ടൂണുകളും കാരിക്കേച്ചറുകളും**

46 **പെൻസിലാശാനും കാർട്ടൂണുകളും**

50 **സർഗസിദ്ധിയുടെ കലവറ ആര്യനാട് രാജേന്ദ്രൻ**

54 EDITORIALS OF THE MONTH

59 NEWS & EVENTS

61 FUN ROOM


Images Courtesy: Google

ഇഫെക്ടീവ് ആഡ്കോം EFFECTIVE
ADCOM
Advertising is Communication. Marketing is destination
The First Advertising & Marketing Magazine in Malayalam

Chief Editor
**Mathew K. Mulamoottil**

Associate Editor
**Batten Bose**

Advisory Board
**Thekkinkadu Joseph**
**Prof. Josy Joseph**
**Joshy George**
**Somie**
**Janeesh Jajikalayam**

Marketing & Circulation Co-ordinator
**Vilsu Mathew**
Ph: 9744993356

Layout / Illustration
Adart Designing

Marketing Offices:
**Effective Publications**
Mughal Palace Bldg, Collectorate P.O.
Kottayam - 2 , Kerala, India.
Ph: 08593 998705, 0481 2561791
e-mail: effectiveadcom@gmail.com

Regd. Office:
Mulamoottil Bldg., Cathedral Road
Manorama (S), Kottayam - 1, Kerala, India

Can read @
FeederFOX
www.feederfox.com
MAGZTER DIGITAL MAGAZINE STORE
TAP · READ · ENJOY

effectiveadcom/posts 09846057461
/effective.adcom.14 /effective_adcom
www.effectiveadcom.com

# EDITORIAL

## തെരഞ്ഞെടുപ്പുകൾ ഈ നാടിന്റെ ഐശ്വര്യം

ലോക രാജ്യങ്ങളുടെ മുന്നിൽ ഏറ്റവും അഭിമാനത്തോടെ തലയുയർത്തി നിൽക്കുവാൻ ഇന്ത്യ എന്ന നമ്മുടെ രാജ്യത്തിനു സാധിച്ചിരിക്കുകയാണ് ചന്ദ്രയാൻ 3 ന്റെ വിജയത്തിലൂടെ. ബഹിരാകാശ ശാസ്ത്ര പുരോഗതിയുടെ പാതയിൽ നേടിയ അവിസ്മരണീയമായ ഈ വിജയം മനുഷ്യകുലത്തിന്റെ ഭാവി സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അഗ്നിച്ചിറകുകൾ നൽകിയിരിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വളർച്ചകൂടിയാകുമ്പോൾ ഈ ശാസ്ത്രപുരോഗതിയുടെ ഗതിവേഗം പതിന്മടങ്ങാകുമെന്നതിൽ സംശയമില്ല. ഈ വിജയം കൈവരിക്കുവാൻ പ്രയത്നിച്ച എല്ലാവർക്കും അഭിനന്ദനം നേരുവാൻ നമുക്കെല്ലാവർക്കും കടപ്പാടുണ്ട്.

അതുപോലെ തന്നെ രാജ്യത്തെ ജനങ്ങൾക്കു വലിയ ആശ്വാസം പകരുന്ന മറ്റൊരു വാർത്തയാണ് പാചകവാതകത്തിന്റെ വിലകുറയ്ക്കുവാനുള്ള തീരുമാനം. പൊള്ളുന്ന വിലക്കയറ്റത്തിൽ ജീവിതം വഴിമുട്ടി നിൽക്കുന്ന സാധാരണക്കാർക്ക് ഈ തീരുമാനം വലിയ ആശ്വാസം നൽകുന്നു. പെട്രോൾ-ഡീസൽ വിലകൾകൂടി കുറയ്ക്കുന്നത് കുറെക്കൂടി ആശ്വാസം നൽകും. പ്രത്യേകിച്ചും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അവശ്യസാധനങ്ങളുടെ വില അല്പമെങ്കിലും പിടിച്ചു നിർത്തുവാൻ ഇന്ധനവില കുറയേണ്ടത് അത്യാവശ്യമാണ്.

ഈ തീരുമാനങ്ങളെ ഹൃദയപൂർവ്വം സ്വീകരിക്കുന്നവരിൽ ഭൂരിഭാഗവും ആഗ്രഹിക്കുന്നത് ഇടയ്ക്കിടെ ഇങ്ങനെ തെരഞ്ഞെടുപ്പുകൾ വന്നിരുന്നെങ്കിൽ... എന്നാണ്!

**ചീഫ് എഡിറ്റർ**

All rights reserved. Views exposed by the writers are not necessarily those of the effective publications or the editor or the publisher and they accept no responsibility for them. All objections, disputes, differences, claims & proceedings are subject to Kottayam jurisdiction.



# ശങ്കരൻകുട്ടി
## എന്ന ശകുവിനെ ഓർക്കുമ്പോൾ

ഇരുപതിനായിരം പുസ്തകങ്ങൾക്ക് കവർ പേജ് വരച്ച് റിക്കാർഡ് സൃഷ്ടിച്ചു.മലയാളത്തിലെ ഒട്ടുമിക്ക ആനുകാലികങ്ങളിലും ചിത്രങ്ങളും, കാർട്ടൂണുകളും വരച്ചിട്ടുള്ള നല്ലൊരു എഴുത്തുകാരൻ കൂടിയായിരുന്നു ശങ്കരൻകുട്ടി.

**1994** നവംബർ 29-ാം തീയതിയാണ് പ്രശസ്ത ചിത്രകാരൻ ആയിരുന്ന ശങ്കരൻകുട്ടി നമ്മെ വിട്ടു പോകുന്നത്. 1994 ജനുവരിയിൽ ഞാൻ അദ്ദേഹത്തിന്റെ അഭിമുഖം എടുത്തിരുന്നു. 1994 ഏപ്രിലിൽ തന്നെ അത് പ്രസിദ്ധീകരിക്കുകയും അദ്ദേഹത്തിന് അത് വളരെ ഇഷ്ടപ്പെടുകയും ചെയ്തു. അദ്ദേഹത്തെപ്പറ്റി ഒത്തിരി എഴുതാനുണ്ടായിരുന്നു. ശങ്കരൻകുട്ടിയെന്ന അതുല്യ കലാകാരനെപ്പറ്റിയുള്ള ഒരോർമ്മക്കുറിപ്പാണിത്.

നിങ്ങൾക്ക് വായനാശീലം ഉണ്ടോ? മലയാള പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കാറുണ്ടോ? ഉണ്ടെങ്കിൽ ശങ്കരൻകുട്ടി വരച്ച ഒരു ചിത്രമെങ്കിലും നിങ്ങൾ കണ്ടിരിക്കും. ഇങ്ങനെ ഉറപ്പിച്ചു പറയാൻ കാരണമുണ്ട്. ഇരുപതിനായിരം പുസ്തകങ്ങൾക്ക് കവർചിത്രം വരച്ച ആർട്ടിസ്റ്റാണ് ശങ്കരൻകുട്ടി. ഇതൊരു റിക്കാർഡാണ്. പുസ്തകങ്ങൾക്ക് പുറംചട്ട വരയ്ക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നതല്ല അദ്ദേഹത്തിന്റെ കലാപാടവം. മലയാളത്തിലെ ഒട്ടുമിക്ക ആനുകാലികങ്ങളിലും അദ്ദേഹം ചിത്രങ്ങൾ വരച്ചിട്ടുണ്ട്. കാർട്ടൂൺ, പെയിന്റിംഗ്, ഇലസ്ട്രേഷൻസ്, അഭിനയം, കഥാരചന, ഗാനരചന ഇതെല്ലാം വശമാക്കിയ ഒരേ ഒരു ആർട്ടിസ്റ്റേ നമുക്ക് ഉണ്ടായിരുന്നുള്ളൂ. അതായിരുന്നു ശങ്കരൻകുട്ടി. അദ്ദേഹത്തിന്റെ കലാസിദ്ധികളുടെ വികാസ പരിണാമകഥ അദ്ദേഹം വിവരിയ്ക്കുന്നു.

'ഞാൻ ആരുടെയും കീഴിൽ ചിത്രകല അഭ്യസിച്ചിട്ടില്ല. വീട്ടിൽ എല്ലാവർക്കും ചിത്രകലയോട് എതിർപ്പായിരുന്നു. എന്നാലും കുട്ടിക്കാലം മുതലേ ഞാൻ വരയ്ക്കുമായിരുന്നു. ആൾക്കാരെ നോക്കി വരയ്ക്കുന്ന രീതി ഞാൻ ചെറുപ്പത്തിലെ ശീലിച്ചതാണ്. എസ്. എസ്.എൽ.സി. കഴിഞ്ഞപ്പോൾ മദ്രാസ് കോളേജ് ഓഫ് ഫൈൻ ആർട്സിൽ പ്രവേശനത്തിന് അപേക്ഷിച്ചു. ഒന്നാം റാങ്കോടെ ടെസ്റ്റ് പാസ്സായി. റാങ്കുകാർക്ക് 75 രൂപ സ്കോളർഷിപ്പ് കൊടുക്കുന്ന ഒരു പതിവ് അന്നുണ്ടായിരുന്നു. തിരുവനന്തപുരം - കൊച്ചിക്കാരനായതു കൊണ്ട് സ്കോളർഷിപ്പ് തരില്ലെന്ന് അവർ പറഞ്ഞു. 'സ്കോളർഷിപ്പില്ലെങ്കിൽ നിങ്ങളുടെ അഡ്മിഷനും വേണ്ട' എന്നു പറഞ്ഞ് ഞാനിങ്ങു പോന്നു. അവിടെ നാലഞ്ചു വർഷം കൊണ്ടു പഠിപ്പിക്കുന്നത് ഒരു വർഷം കൊണ്ട് ഞാൻ സ്വയം പരിശീലിച്ചു. അതു കൊണ്ട് എനിയ്ക്ക് ഇന്നേവരെ ഒരു ദോഷവും വന്നിട്ടില്ല.'

ഈ തന്റേടവും ആത്മവിശ്വാസവും ശങ്കരൻകുട്ടി എന്ന കലാകാരന്റെ പ്രത്യേകതകളാണ്. സ്വയം ആർജിച്ച ഈ കഴിവു കൊണ്ടാണ് അദ്ദേഹം ജവഹർ








ലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും അന്താരാഷ്ട്ര പ്രസിദ്ധി നേടിയ മറ്റു പലരുടെയും കയ്യൊപ്പും അംഗീകാരവും കരസ്ഥമാക്കിയത് ! നിമിഷങ്ങൾക്കകം ആരുടെയും രൂപം തനിമയോടെ പകർത്താൻ ശങ്കരൻകുട്ടിക്കു കഴിയും. കുറച്ചു വരകളിലൂടെ കൂടുതൽ വിശദാംശങ്ങളോടുകൂടിയ ചിത്രങ്ങൾ വരയ്ക്കാൻ ശങ്കരൻകുട്ടിക്കുള്ള കഴിവ് അത്ഭുതകരം തന്നെ.


തിരുവനന്തപുരത്ത് ശ്രീകണ്ഠനിലയത്തിൽ ശേഖരന്റെയും കമലമ്മയുടെയും മകനാണ് ശങ്കരൻകുട്ടി. വിദ്യാഭ്യാസം താറുമാറാകുമോ എന്ന ഭയംകൊണ്ടാണ് ചിത്രകലയിൽ നിന്ന് ശങ്കരൻകുട്ടിയെ പിന്തിരിപ്പിക്കാൻ വീട്ടുകാർ ശ്രമിച്ചത്. പക്ഷെ, ശങ്കരൻകുട്ടിയുടെ നിശ്ചയദാർഢ്യത്തിനു മുന്നിൽ അവർ പരാജയപ്പെട്ടു. ശങ്കരൻകുട്ടി പ്രിപ്പറേറ്ററി ക്ലാസിൽ (നാലാം ക്ലാസ്) പഠിക്കുന്ന കാലം ശ്രീചിത്രാ എക്സിബിഷൻ സ്ക്കൂൾ കുട്ടികൾ വേണ്ടി ഒരു പെയിന്റിംഗ് മൽസരം നടത്തി. ആ മൽസരത്തിൽ മഹാരാജാവിൽ നിന്ന് ഒന്നാം സമ്മാനം നേടാൻ ശങ്കരൻകുട്ടിയ്ക്കു സാധിച്ചു അന്ന് ആ കൊച്ചു കലാകാരനെ പ്രശംസിച്ചു കൊണ്ട് സർ സി.പി.രാമസ്വാമി അയ്യർ പത്തു മിനിട്ടോളം സംസാരിക്കുകയും ചെയ്തു.

ശങ്കരൻകുട്ടി വരച്ച ചിത്രം ആദ്യമായി അച്ചടിച്ചുവന്നത് കൗമുദിയിലാണ്. കൗമുദിയിൽ രാഷ്ട്രീയ കാർട്ടൂണുകൾ വരയ്ക്കാനുള്ള ചുമതല ശങ്കരൻകുട്ടിക്കായിരുന്നു. അക്കാലത്താണ് ജനയുഗം തുടങ്ങുന്നത്. ജനയുഗത്തിന്റെ പ്രാരംഭ കാലത്ത് വൈക്കം ചന്ദ്രശേഖരൻനായരോടൊപ്പം ശങ്കരൻകുട്ടിയും പ്രവർത്തിച്ചു. ആറുമാസമേ ശങ്കരൻകുട്ടി ജനയുഗത്തിൽ പ്രവർത്തിച്ചുള്ളു. കമ്യൂണിസ്റ്റു പാർട്ടിയുടേതാണ് ജനയുഗം. ശങ്കരൻകുട്ടിക്കു പക്ഷേ രാഷ്ട്രീയം ഉണ്ടായിരുന്നില്ല. ജനയുഗത്തിൽനിന്നും പിരിഞ്ഞ അദ്ദേഹം മലയാളരാജ്യം വാരികയിൽ ആർട്ടിസ്റ്റായി. അച്ചടിവിദ്യയും ലേ- ഔട്ടും ഇന്നത്തേതുപോലെ അന്ന് പുരോഗമിച്ചിരുന്നില്ല. എങ്കിൽ പോലും ഈക്കാലത്ത് ഓഫ്സെറ്റ് പ്രസ്സുകളിൽ പ്രിന്റു ചെയ്തിറക്കുന്ന പല വാരികകളേക്കാൾ മലയാളരാജ്യത്തെ ആകർഷകമാക്കാൻ ശങ്കരൻകുട്ടിയ്ക്കു കഴിഞ്ഞിരുന്നു. 'ആനന്ദവികടൻ' എന്ന തമിഴ് മാസികയിൽ ചിത്രങ്ങൾ വരച്ചിരുന്ന കോപുലു എന്ന ആർട്ടിസ്റ്റിന്റെ ചിത്രങ്ങളുടെ സ്വാധീനം ശങ്കരൻകുട്ടിയുടെ ചിത്രങ്ങളിൽ കാണാം.

ശങ്കരൻകുട്ടി മലയാളരാജ്യത്തിൽ ജോലിയിലിരിക്കുമ്പോഴാണ് സി.എൻ.ശ്രീകണ്ഠൻ നായർ കോട്ടയത്തുനിന്നും ദേശബന്ധു വാരിക തുടങ്ങുന്നത്. വൈക്കം ചന്ദ്രശേഖരൻനായരും ശങ്കരൻകുട്ടിയും ദേശബന്ധുവിലേയ്ക്ക് മാറി. അക്കാലത്ത് ശങ്കരൻകുട്ടി 24 മണിക്കൂറും ദേശബന്ധുവിന്റെ ഓഫീസിൽ തന്നെയാണ് കഴിഞ്ഞിരുന്നത് ! അങ്ങനെ ശങ്കരൻകുട്ടി കോട്ടയത്തുകാരനായി. ദേശബന്ധുവിന്റെ ചിത്രങ്ങൾ വരയ്ക്കുന്നതോടൊപ്പം തന്നെ പല സാഹിത്യകാരന്മാരുടെയും പുസ്തകത്തിന്റെ പുറംചട്ടയും അദ്ദേഹം വരയക്കാറുണ്ടായിരുന്നു. കുട്ടികളുടെയും മുതിർന്നവരുടെയും മനസ്സറിഞ്ഞ് വരയക്കാൻ ശങ്കരൻകുട്ടിയ്ക്കു കഴിയും. ബാലസാഹിത്യ രചനകൾക്ക് ശങ്കരൻകുട്ടി വരച്ചിട്ടുള്ള ചിത്രങ്ങൾ എടുത്തു പറയേണ്ടതു തന്നെ. സുമംഗലയുടെ 'പഞ്ചതന്ത്രം' കഥകൾക്ക് വരച്ച ചിത്രങ്ങൾ ഉദാഹരണം.

അന്നത്തെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ സകലതിലും ശങ്കരൻകുട്ടി വരച്ചിട്ടുണ്ട്. മലയാളരാജ്യം, ജനയുഗം, ദേശാഭിമാനി, മനോരമ, മനോരാജ്യം, കൗമുദി, ദേശബന്ധു തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ വരച്ചിട്ടുണ്ട്. നോവലുകൾക്കും കഥകൾക്കും കവിതകൾക്കും എല്ലാം കൂടി ഇരുപതിനായിരം പുസ്തകങ്ങൾക്ക് കവർ പേജ് വരച്ചിട്ടുണ്ട്. മലയാളമനോരമ വാരികയിൽ ശകുവിന്റെ ദർശനം എന്ന പേരിൽ ശങ്കരൻകുട്ടിയുടേതായി പോക്കറ്റ് കാരിക്കേച്ചറുകളുടെ ഒരു പരമ്പര ഉണ്ടായിരുന്നു. മലയാളികളെ ഏറെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തിട്ടുള്ള ആ പരമ്പര ആരും മറക്കുകയില്ല. രാഷ്ട്രീയ നേതാക്കളും സിനിമാതാരങ്ങളും സാഹിത്യകാരന്മാർ മറ്റു പ്രമുഖരായ ആൾക്കാരും അതിൽ ഉണ്ടായിരുന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ ആർക്കും വരയ്ക്കാം പക്ഷേ സംസാരിയ്ക്കുമ്പോൾ അദ്ദേഹത്തിൽ നിന്നു വരുന്ന വിക്ക് വരയ്ക്കാനോ അദ്ദേഹം ആയാസപ്പെട്ടു സംസാരിക്കുമ്പോഴുണ്ടാകുന്ന പ്രയാസം നമ്മളെ അനുഭവിപ്പിക്കാനോ വരകളിലൂടെ ശങ്കരൻകുട്ടിക്കല്ലാതെ മറ്റാർക്കും കഴിഞ്ഞിട്ടില്ല. അതാണ് നിശ്ചലതയിൽ ചലനാത്മകത സന്നിവേശിപ്പിക്കാൻ കഴിവുള്ള ശങ്കരൻകുട്ടിയുടെ മഹത്വം.

നമ്മളെ എല്ലാം ദുഃഖിപ്പിച്ച് ഈയിടെ നമ്മെ വിട്ടുപോയ കേരള മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി ആദ്യം മന്ത്രിയാകുമ്പോൾ ആ മന്ത്രിസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ മന്ത്രിയായിരുന്നു. ശുകുവിന്റെ ദർശനത്തിൽ ശങ്കരൻകുട്ടി ഇതേപ്പറ്റി വരച്ചിരിക്കുന്നത് കണ്ടാൽ മുഖ്യമന്ത്രി പോലും ചിരിച്ച് മണ്ണു കപ്പും. ഈർക്കിലി മീശയും കോലൻമുടിയുമായി കൊലുന്നനെയുള്ള ഒരു ചെറുക്കൻ വള്ളിനിക്കറുമിട്ട് സ്റ്റെയിറ്റു പിടിക്കുന്നതു പോലെ ഫയലും പിടിച്ചോണ്ടു നിന്ന് ചിരിക്കുന്നു. ആഭ്യന്തരമന്ത്രിയായിരുന്ന കെ.കരുണാകരനെക്കുറിച്ചും രസകരമായ ചിത്രം വരച്ചിട്ടുണ്ട്. കെ.കരുണാകരൻ പോലീസുകുപ്പായവും ഇട്ടു കൊണ്ടു നടക്കുന്നത്. കാർട്ടൂണുകളെക്കുറിച്ച് ഇനിയും ഏറെ പറയാനുണ്ട്. കൗപീനം മാത്രമുടുത്ത തിക്കുറിശ്ശി സുകുമാരൻ നായരുടെ ചിത്രം. ഗന്ധർവ്വനാദം പൊഴിക്കുന്ന കെ.ജെ.യേശുദാസ്, സഞ്ചാര സാഹിത്യകാരൻ എസ്.കെ. പൊറ്റക്കാട് ഇങ്ങനെ ഒത്തിരി പേർ ശകുവിന്റെ ദർശനത്തിലൂടെ വന്നിട്ടുണ്ട്. മലയാളത്തിലെ ക്ലാസിക്കായ ചെമ്മീൻ സിനിമയുടെ കാസ്റ്റിംഗ് ശങ്കരൻകുട്ടിയുടെതായിരുന്നു. ചെമ്പൻകുഞ്ഞായി തിരഞ്ഞെടുത്ത കൊട്ടാരക്കര ശ്രീധരൻ നായരുടെ തലമുടി പറ്റെ വെട്ടിച്ചതും മുഖത്ത് അരിമ്പാറ വെച്ചും ചെമ്മീനിലെ ചെമ്പൻകുഞ്ഞിന് രൂപം കൊടുത്തത് ശങ്കരൻകുട്ടിയാണ്. അതുപോലെ തന്നെ ചെമ്മീനിലെ മറ്റു





കഥാപാത്രങ്ങൾക്ക് രൂപം കൊടുത്തതും ശങ്കരൻകുട്ടിയാണ്.

ഇലസ്ട്രേഷനെ സംബന്ധിച്ച ഒരു കാര്യം കൂടി നമുക്ക് ശങ്കരൻകുട്ടിയിൽ നിന്നും കേൾക്കാം. 'ഇലസ്ട്രേഷനും കാർട്ടൂണും കാരിക്കേച്ചറും കുട്ടികൾക്കു വേണ്ടിയുളള ചിത്രങ്ങളും മാത്രമല്ല ആധുനിക ചിത്രങ്ങളും ഞാൻ വരച്ചിട്ടുണ്ട്. ദേശബന്ധുവിൽ ജോലിയിലായിരുന്ന കാലം. ഒരു ദിവസം രാവിലെ സി.എൻ.ശ്രീകണ്ഠൻനായർ എന്നെയും വൈക്കത്തെയും മറ്റുചിലരേയും വിളിച്ചു. ഏറ്റവും നല്ല കവിത ഞാൻ വായിക്കാൻ പോകുന്നുവെന്ന മുഖവുരയോടെ കയ്യിലിരുന്ന നോട്ടുബുക്കെടുത്ത് കവിത വായന തുടങ്ങി. രണ്ടു മൂന്നാവർത്തി ഞങ്ങളെ വായിച്ചു കേൾപ്പിച്ചു. അയ്യപ്പപണിക്കർ എന്നൊരു കവി എഴുതിയതാണെന്നും ഇത് ദേശബന്ധുവിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശമുണ്ടെന്നും സി.എൻ. പറഞ്ഞു. ആധുനിക കവിതയായതിനാൽ ആധുനിക ചിത്രവും വേണം. ഞാൻ ആധുനിക ചിത്രം വരച്ചാൽ ശരിയാകുകയില്ലെന്ന് സി.എൻ.വിചാരിച്ചു.

എം.വി.ദേവനെയൊ മറ്റാരെയെങ്കിലുമൊ കൊണ്ട് ചിത്രം വരപ്പിച്ചാൽ കൊള്ളാമെന്ന് സി.എൻ.അഭിപ്രായപ്പെട്ടു. ആ കവിതയ്ക്ക് നാലു ചിത്രങ്ങൾ വേണമായിരുന്നു. ഒന്നു ശ്രമിച്ചു നോക്കാമെന്നു ഞാൻ പറഞ്ഞു. സി.എൻ.എനിയ്ക്ക് പത്തു ദിവസം സമയവും തന്നു. ഒൻപതു ദിവസം ഞാനൊന്നും ചെയ്തില്ല! പത്താം ദിവസം രാവിലെ സി.എൻ.എവിടെയോ പോയ നേരത്ത് ഞാൻ വൈക്കത്തിനെ വിളിച്ചു. ഈ നൂറ്റാണ്ടിലെ ഏറ്റവും നല്ല ആധുനികചിത്രം ഞാൻ വരയ്ക്കുന്നത് കണ്ടോളാൻ പറഞ്ഞു. ഞാൻ നാലു ഷീറ്റ് വലിയ പേപ്പർ എടുത്തു. ബ്രഷു കൊണ്ട് ചില രൂപങ്ങൾ വരച്ച് ചായം ഉണങ്ങുന്നതിനുമുൻപ് പേപ്പർ ശരിയ്ക്ക് നനച്ചു. ചില ഭാഗത്ത് നിറം അവിടെയുമിവിടെയുമൊക്കെ പടർന്നിറങ്ങി. ഉണങ്ങിക്കഴിഞ്ഞപ്പോൾ നാലു പേപ്പറിൽ നിന്നും ഫുൾ സൈസിൽ നാലു കഷണങ്ങൾ എനിയ്ക്ക് ഇഷ്ടപ്പെട്ട ഭാഗത്തു നിന്നു വെട്ടിയെടുത്തു. ബ്രഷു കൊണ്ട് ചില മിനുക്കുപണികൾ കൂടി ചെയ്തു. നാലു പടങ്ങളും റെഡി! ഇത് വരച്ചരീതി ആരോടും പറയരുതെന്ന് വൈക്കത്തിനോട് പ്രത്യേകം പറഞ്ഞു. വൈകിട്ട് സി.എൻ. എത്തി. ഞാൻ ചിത്രങ്ങളെടുത്തു കൊടുത്തു. ഒരു പാടു നേരം അദ്ദേഹം ആ ചിത്രങ്ങൾ നോക്കിയിരുന്നു. എന്നിട്ട് എന്നെ നോക്കി ചോദിച്ചു. 'അപ്പോൾ വരയ്ക്കാനറിയാം അല്ലേ?' ഞാനും വൈക്കവും ഉള്ളിൽ ചിരിച്ചു. പടം പ്രിന്റു ചെയ്തു വന്നു കഴിഞ്ഞ് ഞാൻ പടം വരച്ച രീതി വിശദീകരിച്ചു. സി.എൻ. ശരിക്കും ചമ്മി എന്നു തന്നെ പറയാം. പിന്നീട് ആധുനിക ചിത്രങ്ങളെക്കുറിച്ച് അദ്ദേഹം അധികം വാചാലനായിട്ടില്ല.

ഒന്നും വരയ്ക്കാനറിയാത്തർ എന്തെങ്കിലും കോപ്രായങ്ങൾ കാട്ടി രക്ഷപെടുന്നതിനെയാണു പലപ്പോഴും ആധുനിക ചിത്രങ്ങളെന്നു പറഞ്ഞ് നാം കൊണ്ടാടുന്നതെന്നു ശങ്കരൻകുട്ടി അഭിപ്രായപ്പെടുന്നു. നേരത്തെ പറഞ്ഞ പ്രസിദ്ധീകരണങ്ങളിൽ ചിത്രങ്ങൾ വരച്ചതു കൂടാതെ എൻ.ബി.എസ്., ഡി.സി ബുക്സ്, കറന്റ് ബുക്സ് തുടങ്ങിയ പ്രസാധകർക്കു വേണ്ടി ചിത്രങ്ങളും കവർ പേജുകളും വരച്ചിട്ടുണ്ട്. കൂടുതൽ കവർ പേജ് ചെയ്തിട്ടുള്ള ആർട്ടിസ്റ്റ് എന്ന നിലയിൽ ശങ്കരൻകുട്ടിയുടെ പേരാണ് അന്നു നിലനിന്നിരുന്നത്. അദ്ദേഹം വരച്ച ചിത്രങ്ങളിൽ അദ്ദേഹത്തിന് ഏറെ ഇഷ്ടപ്പെട്ടത് ബഷീറിന്റെ സമ്പൂർണ്ണ കൃതികൾക്കു വേണ്ടി വരച്ചതാണ്. യശഃശരീരനായ എ.എസ്സിന്റെയും ജനയുഗത്തിൽ പണ്ടു വരച്ചിരുന്ന ഗോപാലന്റെയും ചിത്രങ്ങൾ ശങ്കരൻകുട്ടി വളരെ ഇഷ്ടപ്പെട്ടിരുന്നു.

തിരുവനന്തപുരം സ്വദേശിനി പത്മിനിയാണ് ശങ്കരൻകുട്ടിയുടെ ഭാര്യ. ഹരിശങ്കർ, ഋഷിശങ്കർ, വിജയലക്ഷ്മി എന്നിവർ മക്കൾ മക്കളുടെ എല്ലാം വിവാഹം കഴിഞ്ഞതാണ്. ചിത്രകാരനായ ഹരിശങ്കർ മംഗളം ദിനപത്രത്തിന്റെ ഫോട്ടോഗ്രാഫർ ആയിരുന്നു. അദ്ദേഹവും നമ്മെ വിട്ടു പോയി. ഋഷി ശങ്കർ ടോംസ് കോമിക്ക്സ്, മനോരമ, മംഗളം തുടങ്ങിയ ഒരുപാട് പ്രസിദ്ധീകരണങ്ങളിൽ ആർട്ടിസ്റ്റായി ജോലി ചെയ്തിരുന്നു. ഇപ്പോൾ ഋഷി ശങ്കറും ഭാര്യയും അമേരിക്കയിൽ വർക്കു ചെയ്യുന്നു.

ശങ്കരൻകുട്ടിയുടെ മിനിക്കഥകൾ പ്രസിദ്ധമാണ്. 'ശങ്കയോടെ' എന്ന പേരിൽ ഒരു മിനിക്കഥാ സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന് അവതാരിക എഴുതിയത് മാധവിക്കുട്ടിയും ചിത്രങ്ങൾ വരച്ചിരിക്കുന്നത് മലയാറ്റൂർ രാമകൃഷ്ണനുമാണ് ഇതിനു മുഖചിത്രമായി ശങ്കരൻകുട്ടിയെ വരച്ചത് കാർട്ടൂണിസ്റ്റ് യേശുദാസൻ ആണ്. ഇതിൽ വർക്ക് ചെയ്തവരെല്ലാം നമ്മെ വിട്ടു പോയി. ശങ്കരൻകുട്ടിയുടെ തൂലികയിൽ നിന്ന് ഒരു പാട് മികവുറ്റ സൃഷ്ടികൾ തന്നിട്ടാണ് അദ്ദേഹം നമ്മെ വിട്ടു പോയത്. ●



**എൽ.രാജശേഖരൻ മുതുകുളം**




Inframe : **Arunima Venugopal**
Costume: Darice Designer
Makeup : Haritha Mohan
Photography : Aswin P Kumar


aswin P narayan
photography




aswin P narayan
photography


aswin P narayan
photography



## CONCEPT SHOOT

Concept: **Festive Flora**

Costume Designer :
**Smruthy Simon**

Photography :
**Bibin K**

Makeover:
**Rabooni R**

Re-Touch:
**Shibin**

Hair Style:
**Shyni R**

Assistant:
**Biju K**

Ornaments:
**Parakkat Jewels**

Model:
**Annie C**



















## CONCEPT SHOOT

Concept: **WAITING FOR ONAM**

Costume Designer :
**Smruthy Simon**

Photography :
**Vidhyud Venu**

Makeover:
**Swathi krishna Suresh**

Video:
**Anuroop OA**

Ornaments:
**Parakkat Jewels**

Assistant:
**Renjith Raman**

Model s:
**Amritha Vijayakumar, Saina Begum**
**Cherrach Manoi**



























## BRIDAL SHOOT

Costumes :
**Neethu Vishakh (Navami My Passion Your Fashion )**

Makeup Artist :
**Shimmi P** (D Beauty Makeup Studio, Kannur)

Photography :
**Sajeesh Aluparambil**

Model :
**Amrutha Ganesh**

Jewelry :
**Thiroor ponnu, Vadanapally**
























# ഋഷി ശങ്കറിന്റെ കാർട്ടൂണുകളും കാരിക്കേച്ചറുകളും

റിക്കാർഡ് സൃഷ്ടിച്ച പാരമ്പര്യവുമായി കാർട്ടൂണുകളും കാരിക്കേച്ചറുകളും വരച്ച് ശ്രദ്ധേയനായ ഋഷിശങ്കറിന്റെ കലാജീവിതം.

ഇരുപതിനായിരം പുസ്തകങ്ങൾക്ക് കവർ പേജ് വരച്ച് റിക്കാർഡ് സൃഷ്ടിച്ച മലയാളത്തിലെ ഒട്ടുമിക്ക ആനുകാലികങ്ങളിലും ചിത്രങ്ങളും കാർട്ടൂണുകളും വരച്ചിട്ടുള്ള നല്ലൊരു എഴുത്തുകാരൻ കൂടിയായ ശങ്കരൻകുട്ടിയുടെയും പത്മിനിയുടെയും രണ്ടാമത്തെ പുത്രനാണ് ചിത്രകാരൻ ഋഷിശങ്കർ. ചിത്രരചനയുടെ കാര്യത്തിൽ അച്ഛനെപ്പോലെ മകനും മുന്നിലെത്തി.

ശങ്കരൻകുട്ടിയ്ക്ക് മൂന്നു മക്കളായിരുന്നു. ഹരിശങ്കർ, ഋഷിശങ്കർ, വിജയലക്ഷ്മി എന്നിവർ. മൂത്ത മകൻ ഹരിശങ്കർ ചിത്രരചന പഠിച്ചെങ്കിലും അദ്ദേഹത്തിന് ഫോട്ടോഗ്രാഫിയോടായിരുന്നു കൂടുതൽ താൽപ്പര്യം. മംഗളത്തിലെ ഫോട്ടോഗ്രാഫർ ആയിരുന്നു. അദ്ദേഹം നമ്മെ വേർപെട്ടു പോവുകയും ചെയ്തു. ഋഷിശങ്കർ ചിത്രരചന എങ്ങും പോയി പഠിക്കാതെ അച്ഛന്റെ കഴിവ് തന്നിലുണ്ടെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തി. കാർട്ടൂണുകളും കാരിക്കേച്ചറുകളും അതിമനോഹരമായി ഋഷിശങ്കർ വരയ്ക്കുമായിരുന്നു. അച്ഛൻ ശങ്കരൻകുട്ടിയുടെ ഒരു ചിത്രം വരച്ച് ഋഷിശങ്കർ അച്ഛന്റെ കയ്യിൽ കൊടുത്തിരുന്നു. ശങ്കരൻകുട്ടി ആ ചിത്രം കൈയ്യിൽ സൂക്ഷിച്ചു വെച്ചു. ഋഷിശങ്കർ നാട്ടകം ഗവ: കോളേജിലാണ് പ്രീഡിഗ്രി വരെ പഠിച്ചത്. കോളേജിൽ പഠിച്ചതിനു ശേഷം ടോംസ് കോമിക്സിൽ വർക്കു ചെയ്തു തുടങ്ങി. ടോംസിന്റെ 'ബോബനും മോളിയും' എന്ന കാർട്ടൂണുകളിൽ പല ഏടുകളുടേയും സംഭാഷണങ്ങൾ ഋഷിശങ്കർ എഴുതിയിട്ടുണ്ട്. ടോംസ് കോമിക്സിന്റെ ഉണ്ണിക്കുട്ടനിലും ഋഷിശങ്കർ വരച്ചിരുന്നു. ടോംസ് കോമിക്സിൽ വരയ്ക്കാൻ അവസരം കിട്ടിയതും ഒരു ഭാഗ്യമായാണ് ഋഷിശങ്കർ കരുതുന്നത്.

ടോംസ് ബോബനും മോളിയും മനോരമയിൽ വരച്ചുകൊണ്ടിരുന്ന കാലത്ത് മനോരമ കിട്ടിയാൽ ആരും അവസാന പുറത്തു നിന്നായിരിക്കും വായന തുടങ്ങുന്നത്. അവരുടെയെല്ലാം മനസ്സിൽ ബോബനും മോളിയും അതേപോലെ നിറഞ്ഞു നിൽക്കുകയാണ്. ബോബന്റെയും മോളിയുടെയും ഓരോ ആഴ്ചയിലെയും ചിരി ഉണർത്തുന്ന കാര്യങ്ങൾ അറിയാൻ വാരിക



ഋഷിശങ്കർ









വീട്ടിലെത്തിയാൽ ഉടൻ വാരികയ്ക്കു വേണ്ടി പിടി വലിയാണ്. ബോബനും മോളിയും വായിച്ചു കഴിഞ്ഞേ, എല്ലാവർക്കും അന്ന് മനസമാധാനം കിട്ടുകയുള്ളൂ. ഋഷിശങ്കറിന്റെ കാർട്ടൂണും ആരുടെയും മനസ്സിൽ നിന്നും മാറുകയില്ല. ടോംസിന്റെ ബോബനും മോളിയും പ്രസിദ്ധീകരിച്ചിരുന്ന മനോരമ വാരികയുടെ അവസാന പുറത്ത് ഋഷിശങ്കറിന്റെ 'ടോർപ്പിഡോ'എന്ന കാർട്ടൂൺ സ്ഥിരമായി പ്രസിദ്ധീകരിച്ചിരുന്നു.

ടോർപ്പിഡോയിലെ സംഭാഷണങ്ങളും കാര്യങ്ങളും വളരെ രസകരമാണ്. ഒരാളിന്റെ വീട്ടിലെ വഴക്ക് എന്താണെന്ന് അറിയാൻ ഒരു മൂപ്പിലാൻ വീട്ടുകാരനോട് ചോദിക്കുന്നു: 'ഇന്നലെ വീട്ടിൽ വലിയ ബഹളമായിരുന്നല്ലോ എന്നാ കാര്യം?' അപ്പോൾ വീട്ടുകാരൻ മറുപടി പറയാൻ തുടങ്ങുന്നു:'അപ്പൻ തട്ടിപ്പോകാറായി കിടക്കുവാ' മൂപ്പിലാന്റെ ചോദ്യം വീണ്ടും:'അപ്പം സ്വത്ത് വീതം വയ്ക്കുന്നതിനെ ചൊല്ലിയായായിരുന്നോ തർക്കം?' വീട്ടുകാരന്റെ മറുപടി: 'അതൊക്കെ എന്നേ വീതം വച്ചു.' വീണ്ടും മൂപ്പിലാന്റെ ചോദ്യം: 'പിന്നെ?' വീട്ടുകാരന്റെ മറുപടി: 'അപ്പനെ അവസാന കാലത്ത് ഞാൻ നോക്കിക്കോളാം എന്നു പറഞ്ഞിട്ട് പെങ്ങന്മാരും അനിയൻമാരും സമ്മതിക്കുന്നില്ല.' വീട്ടുടമ വീണ്ടും: 'ഓരോരുത്തർക്കും ഇപ്പം അപ്പനെ വേണം' മൂപ്പിലാൻ വീണ്ടും: ' പുണ്യജന്മം അതാ ഇത്ര നല്ല മക്കളുണ്ടായത്.' വീട്ടുകാരൻ വീണ്ടും: 'പറഞ്ഞു പറഞ്ഞ് അടിയായി. ഒടുക്കം അപ്പനെ ഞാൻ തന്നെ ഒപ്പിച്ചെടുത്തു.' മൂപ്പിലാൻ വീണ്ടും: 'വാശിയെന്തിനാ ആരെങ്കിലും നോക്കിയാൽപ്പോരേ?' വീട്ടുകാരൻ വീണ്ടും വാശിയോടെ: 'തട്ടിപ്പോകാറായ അപ്പനെ ചുമ്മാ തങ്ങ് വിട്ടുകൊടുക്കാൻ പറ്റുമോ? ശവം കൊടുത്താൽ ഇപ്പം രൂപ പതിനായിരമാ കിട്ടുന്നത്.' മറുപടി കേട്ട് മൂപ്പിലാൻ അന്തിച്ചു നിൽക്കുന്നു. കഥാപാത്രങ്ങളെയും അവരുടെ രൂപവും ഭാവവും എല്ലാം വായനയോടൊപ്പം നമ്മളെയും ഒരുപാട് ചിന്തിപ്പിക്കും.

ഒരു ടോർപ്പിഡോകൂടി നമുക്ക് നോക്കാം. ഒരു ഹിപ്പി തൊപ്പിയുമൊക്കെ വച്ച് മേശപ്പുറത്ത് കമഴ്ന്നു കിടന്നു കൊണ്ട് പറയുന്നു.

'സൂസിഎന്നെ തേച്ചേച്ച് വേറൊരുത്തന്റെകൂടെ ഒളിച്ചോടി.' കേട്ടു നിന്ന മൂപ്പിലാൻ 'ശ്ശോ' ഹിപ്പി വീണ്ടും 'കൊല്ലും ഞാനവളെ !' ഇതു കേട്ട മൂപ്പിലാൻ:'മണ്ടത്തരം പറയാതെ. നിന്നെ തേച്ചിട്ടു പോയ പെണ്ണിനെ കൊല്ലാൻ നടന്നാൽ നീയൊരു സീരിയൽ കില്ലറാകും. പറഞ്ഞേക്കാം' ഹിപ്പിയുടെയും മൂപ്പിലാന്റെയും സംഭാഷണവും വരയും ആരെയും ആകർഷിക്കും. ഓരോ കഥാപാത്രങ്ങളെയും നമ്മുടെ മനസ്സിൽ പിടിച്ചു നിൽക്കും വിധം ഋഷിശങ്കർ വരച്ചിട്ടുണ്ട്.

2D ആനിമേഷൻ വർക്കു ചെയ്തു പഠിക്കാൻ മദ്രാസിൽ പോയി. അവിടെ പഠിച്ചു കൊണ്ടിരുന്നപ്പോൾ 'ദിനമലർ' വാരികയിൽ വരച്ചു. മദ്രാസിൽ നിന്ന് തിരിച്ചെത്തിയിട്ട് പലവാരികകളിലും വരച്ചു. മംഗളം, മനോരമ, മലയാളപത്രം ഇതിലെല്ലാം വരച്ചു. 'മലയാള പത്രം' അമേരിക്കയിലാണ് പ്രസിദ്ധീകരിച്ചിരുന്നത്. മലയാള മനോരമയിലും മംഗളത്തിലും എല്ലാം ധാരാളം വരച്ചിരുന്നു. ടോർപ്പിഡോ, സച്ചിൻ, കോമഡിഷോ, കോമഡി ആഘോഷം എന്നീ നാലു കാർട്ടൂണുകൾ ഋഷിശങ്കറാണ് വരച്ചിരുന്നത്. ടോർപ്പിഡോയും കോമഡി ആഘോഷവും മനോരമയുടെ ബോബനും മോളിയും പ്രസിദ്ധീകരിച്ചിരുന്ന ഭാഗത്താണ് പ്രസിദ്ധീകരിച്ചത്. പ്രസിദ്ധീകരണ രംഗത്ത് ഋഷിശങ്കറെ ഉയർത്തി വിട്ടവരെയെല്ലാം വളരെ നന്ദിയോടെ അദ്ദേഹം ഓർക്കുന്നു. ടോംസ്, ഡി.ആർ.ജയൻ, പന്മൻ, കെ.എ.ഫ്രാൻസിസ് തുടങ്ങിയ എല്ലാവരും അതിൽ പ്പെടും. വായനക്കാരെ ഏറെ ആകർഷിച്ചിരുന്നത് 'കോമഡി ഷോ'യാണ്. മോഹൻലാലും ശ്രീനിവാസനും എൻ.എൽ.ബാലകൃഷ്ണനുമെല്ലാം















അഭിനയിക്കുന്ന ഒരു സിനിമ കാണുന്ന പ്രതീതി ഉണ്ടാകും ഹാസ്യ റോളുകളിൽ അവരെ വരച്ചിരിക്കുന്നത് മനസ്സിൽ നിന്ന് മാറുകയില്ല.

ഒരു കോമഡിഷോ നമുക്ക് ഒന്ന് കാണാം. മോഹൻലാലും ശ്രീനിവാസനും എൻ.എൽ.ബാലകൃഷ്ണനുമാണ് താരങ്ങൾ. അവർ മൂന്നു പേരും കൂടിയിരിക്കുമ്പോൾ ശ്രീനിവാസൻ പത്രം വായിക്കുന്നു. ശ്രീനിവാസൻ 'ഒളിമ്പിക്സിലെ വെടിവെയ്പ്പിൽ ഇന്ത്യയ്ക്ക് വെള്ളി മെഡൽ.' ഇതു കേട്ടിട്ട് എൻ.എൽ.ബാലകൃഷ്ണൻ 'പട്ടാളത്തിലിരുന്നപ്പം ഞാനും നല്ല വെടി വയ്പ്പുകാരനായിരുന്നു.' കേട്ടു നിന്ന മോഹൻലാൽ 'ഇപ്പഴും മോശമല്ല. വാകൊണ്ടാണെന്നു മാത്രം' അടുത്ത കോളത്തിൽ എൻ.എൽ. ബാലകൃഷ്ണൻ,. 'പാക്കിസ്ഥാനുമായി യുദ്ധം നടക്കുന്ന സമയം, അങ്ങ് പൊട്ടു പോലെ പാക്കിസ്ഥാൻ പട്ടാളമേജറെ കാണാം. നമ്മുടെ മേജർ എന്നോട് വെടിവയ്ക്കാൻ പറഞ്ഞു.' അടുത്ത കോളം എൻ.എൽ.ബാലകൃഷ്ണൻ: ഉന്നം പിടിച്ചു കൊണ്ട് ഞാൻ ചോദിച്ചു ഉണ്ട എവിടെ കൊള്ളിക്കണമെന്ന്? കണ്ണിൽ കൊള്ളിക്കാൻ പറഞ്ഞു. വീണ്ടും താഴത്തെ ആദ്യ കോളം എൻ.എൽ.ബാലകൃഷ്ണൻ 'ഏതു കണ്ണിലാണെന്നു' ഞാൻ ചോദിച്ചു. അവരുടെ മേജറിന്റെ ഇടതു കണ്ണു തന്നെ തകർക്കാൻ പറഞ്ഞു. അടുത്ത കോളം.എൻ.എൽ. ബാലകൃഷ്ണൻ 'ഛേ ! ഒറ്റ വെടി കൃത്യം കണ്ണിനിട്ട്.' കേട്ടുകൊണ്ടു നിന്ന ശ്രീനിവാസൻ 'ങേ! അത്ര ദൂരെ പൊട്ടു പോലെ കണ്ട അവരുടെ മേജറിന്റെ കൃത്യം ഇടതു കണ്ണ് വെടിവച്ചു പൊട്ടിച്ചോ? 'അടുത്ത കോളം എൻ.എൽ. ബാലകൃഷ്ണന്റെ ഭാര്യ 'എന്നാരു പറഞ്ഞു? അടുത്തു നിന്ന ഇവരുടെ മേജറിന്റെ കണ്ണു പോയി. ഇങ്ങേരുടെ പണിം പോയി!' എൻ.എൽ.ബാലകൃഷ്ണനും മോഹൻലാലും ശ്രീനിവാസനും അന്തിച്ചു നിൽക്കുന്നു. കോമഡി ഷോയിൽ വായിച്ചു രസിക്കാൻ ഇത്ര രസകരമായ ഒത്തിരി കഥകൾ അവതരിപ്പിച്ചിട്ടുണ്ട്. 1995 മുതൽ 2021 വരെ മനോരമയിൽ കോളങ്ങൾ ചെയ്തിരുന്നു. അമേരിക്കൻ പത്രത്തിൽ ഒരു പാട് രാഷ്ട്രീയ കാർട്ടൂണുകൾ ചെയ്തിട്ടുണ്ട്.

ഋഷിശങ്കറിന്റെ കാരിക്കേച്ചർ വർക്കുകളും ഏറെ ശ്രദ്ധേയമായിരുന്നു. എവിടെയോ ഉള്ള ദുർഗന്ധം മൂക്കിൽ കയറിയതുപോലെ കെ.മുരളീധരൻ, രഹസ്യം പിടിക്കാൻ വരുന്ന കാരണവരുടെ ലക്ഷണമുള്ള ശങ്കരാടി, വെള്ളം നിറച്ച് ഊതി വീർപ്പിച്ച ബലൂണിനകത്തായപോലെ രമേശ് ചെന്നിത്തല, അടുത്ത കാലത്ത് നമ്മെ വിട്ടു പോയ ഉമ്മൻ ചാണ്ടിയുടെ ചിത്രം കണ്ണടയ്ക്കാൻ ശ്രമിച്ചു കൊണ്ട് പുരികം മുകളിലേയ്ക്ക് വളഞ്ഞു നിൽക്കുന്ന പുരികത്തിനിടിയിൽ വെട്ടുന്ന കണ്ണുകൾ.

അദ്ദേഹം വരച്ച എം.ടി.വാസുദേവൻനായരുടെ കാരിക്കേച്ചറിൽ ഒന്നിനും തൃപ്തിയില്ലാത്ത മുഖ ലക്ഷണമാണ് കാണുന്നത്. വളരെ രസകരമായി ഓരോരുത്തരുടെയും കാരിക്കേച്ചർ അദ്ദേഹം വരച്ചിട്ടുണ്ട്. ഋഷിശങ്കറിന്റെ വിരലുകളിൽ 'ശങ്കരൻകുട്ടിവര'യുടെ തേജസ് ഒളിഞ്ഞിരുപ്പുണ്ട്. ഇപ്പോൾ അദ്ദേഹത്തിന്റെ ചിത്രരചന അമേരിക്കയിലാണ്. അദ്ദേഹവും ഭാര്യയും മക്കളും എല്ലാം അമേരിക്കയിലാണ്. ഭാര്യയുടെ പേര് നീതു. മൂത്തത് മകളാണ്. മകളുടെ പേര് നിതിക. ഇളയ മകന്റെ പേര് നികുൽ. അധികം താമസിയാതെ അദ്ദേഹത്തിന്റെ ചിത്രങ്ങൾ വീണ്ടും മലയാളത്തിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു. ആ വിരലിൽ നിന്ന് വരുന്ന നല്ല ചിത്രങ്ങൾ കാണാൻ മലയാളികൾ കാത്തിരിക്കുന്നു. ●



**എൽ.രാജശേഖരൻ മുതുകുളം**

Homage

# ആർട്ടിസ്റ്റ് നമ്പൂതിരി



കേരളത്തിലെ പ്രശസ്തനായ ചിത്രകാരനും ശില്പിയുമാണ് കെ.എം. വാസുദേവൻ നമ്പൂതിരി അഥവാ ആർട്ടിസ്റ്റ് നമ്പൂതിരി. മലയാളം ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ സാഹിത്യ സൃഷ്ടികൾക്ക് നമ്പൂതിരിയുടെ ചിത്രങ്ങൾ പലപ്പോഴും അകമ്പടി തീർക്കാറുണ്ട്. വളരെ ജനപ്രിയമാണ് നമ്പൂതിരിയുടെ വരകൾ. അദ്ദേഹത്തിന്റെ ചിത്രങ്ങൾ ഉറപ്പുള്ള വരകളുള്ളവയും കഥാപാത്രത്തിന്റെ രൂപസവിശേഷതകൾ അറിഞ്ഞ് ഭാവങ്ങൾ നിറഞ്ഞവയുമാണ്. അദ്ദേഹത്തിന്റെ ചിത്രകലാ രീതി ധാരാളം പേർ ഇന്ന് അനുകരിക്കുന്നു. കേരള ലളിതകലാ അക്കാദമി ചെയർമാനായിരുന്നു. 2003-ൽ അക്കാദമി അദ്ദേഹത്തിന് രാജാ രവിവർമ്മ അവാർഡ് നൽകി ആദരിച്ചു. മികച്ച കലാസംവിധായകനുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡും നേടിയിട്ടുണ്ട്.

ലോഹത്തകിടിൽ ശില്പങ്ങൾ കൊത്തിയുണ്ടാക്കുന്ന ഒരു ശില്പിയുമാണ് ആർട്ടിസ്റ്റ് നമ്പൂതിരി. കഥകളി നർത്തകരെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിത്രശേഖരം ഈ അടുത്ത കാലത്ത് പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രം ഡി.സി. ബുക്സ് പുറത്തിറക്കിയിരുന്നു. ആത്മകഥാംശമുള്ള 'രേഖകൾ' എന്ന പുസ്തകം റെയിൻബോ ബുക്സ് പ്രസിദ്ധീകരിച്ചു. നമ്പൂതിരിയുടെ തെരെഞ്ഞെടുത്ത 101 സ്ത്രീ ചിത്രങ്ങൾ 'നമ്പൂതിരിയുടെ സ്ത്രീകൾ' എന്ന പേരിൽ മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2023 ജൂലൈ 7-ന് 97-ാം വയസ്സിൽ അന്തരിച്ചു.

# സിദ്ദിഖ്



ഇന്ത്യൻ ചലച്ചിത്ര സംവിധായകനും നിർമ്മാതാവും തിരക്കഥാകൃത്തും നടനുമായിരുന്നു, 1989ൽ റാംജി റാവു സ്പീക്കിംഗ് എന്ന മലയാളം ചിത്രത്തിലൂടെയാണ് അദ്ദേഹം സംവിധായകനായി അരങ്ങേറ്റം കുറിച്ചത്. തിരക്കഥാകൃത്ത് എന്ന നിലയിൽ, 1986ൽ പുറത്തിറങ്ങിയ പപ്പൻ പ്രിയപ്പെട്ട പപ്പൻ എന്ന മലയാള ചിത്രത്തിലൂടെയാണ് അദ്ദേഹം തുടക്കം കുറിച്ചത്. ബിഗ് ബ്രദറാണ് അവസാനമായി പ്രദർശനത്തിനെത്തിയ ചിത്രം.

ഫാസിലിന്റെ അസിസ്റ്റന്റ് ഡയറക്ടറായാണ് സിദ്ദിഖ് തന്റെ കരിയർ ആരംഭിച്ചത്. സിദ്ദിക്കും ലാലും കൊച്ചിൻ കലാഭവൻ ട്രൂപ്പിലൂടെയാണ് സിനിമാരംഗത്തേക്ക് വന്നത്. സിദ്ദിഖ് പിന്നീട് ലാലുമായി ചേർന്ന് നിരവധി സിനിമകൾ സൃഷ്ടിച്ചു, സിദ്ദിഖ്-ലാൽ എന്ന പേരിൽ അറിയപ്പെട്ടു. പിന്നീട് ഇരുവരും വേർപിരിഞ്ഞു, സിദ്ദിഖ് തന്റെ സംവിധാന സംരംഭങ്ങളുമായി തുടർന്നു.അതേസമയം ലാൽ അഭിനയത്തിലേക്കും നിർമ്മാണത്തിലേക്കും തിരിഞ്ഞു. സിദ്ദിഖിന്റെ സിനിമകളെല്ലാം കോമഡിക്കു പ്രാധാന്യം കൊടുത്തവയാണ്. റാംജി റാവു സ്പീക്കിങ്ങ്, ഇൻ ഹരിഹർ നഗർ, ഗോഡ് ഫാദർ, വിയറ്റ്നാം കോളനി, കാബൂളിവാല, ഹിറ്റ്ലർ, ക്രോണിക് ബാച്ച്ലർ, ബിഗ് ബ്രദർ തുടങ്ങിയവയാണു പ്രധാന ചിത്രങ്ങൾ. നിരവധി ചിത്രങ്ങൾക്ക് തിരക്കഥ എഴുതുകയും ചില സിനിമകളിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട്.

മലയാളത്തിലെ അദ്ദേഹത്തിന്റെ ബോഡിഗാർഡ് എന്ന ചിത്രം സിദ്ദിഖ് തന്നെ കാവലൻ എന്ന പേരിൽ തമിഴിലേക്ക് റീമേക്ക് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് 1991 ൽ ലഭിച്ചു. 2023 ഓഗസ്റ്റ് 8ാം തീയതി 69ാം വയസ്സിൽ അന്തരിച്ചു.







# പെൻസിലാശാനും കാർട്ടൂണുകളും

സോഷ്യൽ, പൊളിറ്റിക്കൽ കാർട്ടൂണുകളും കോമിക്സും ഒക്കെ വരച്ച് നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന 'പെൻസിലാശാൻ.'

ഫെയിസ്ബുക്കിലാണ് പെൻസിലാശാൻ എന്ന പേര് കാണുന്നത്. അദ്ദേഹം വരച്ച ധാരാളം സോഷ്യൽ പൊളിറ്റിക്കൽ കർട്ടൂണുകളും കോമിക്സുകളും ഫെയിസ് ബുക്കിൽ കാണാം. പെൻസിലാശാൻ എന്ന തൂലികാനാമത്തിൽ വരക്കുന്ന നല്ലൊരു കാർട്ടൂണിസ്റ്റ്. അദ്ദേഹത്തിന്റെ ചിത്രങ്ങളോട് ആരാധന തോന്നിയിട്ട് അദ്ദേഹത്തെ പരിചയപ്പെടണമെന്നും കാർട്ടൂണിസ്റ്റുകളെയും ചിത്രകാരന്മാരെയും കുറിച്ച് എഴുതുന്ന എനിയ്ക്ക് അദ്ദേഹത്തെക്കുറിച്ച് എഴുതണമെന്നും ആഗ്രഹമുണ്ടായി. ഒരു പാട് ബുദ്ധിമുട്ടി അദ്ദേഹത്തിന്റെ ഫോൺ നമ്പറും മെയിലും കിട്ടി. ഒരു പാട് പ്രാവശ്യം വിളിച്ചു. അദ്ദേഹം ഫോൺ എടുത്തതേയില്ല. ഒടുവിൽ ഒരു മെയിൽ അയച്ചു. വളരെ വിശദമായിട്ട് അതിൽ എഴുതിയിട്ടുണ്ടായിരുന്നു. എഴുതിയത് കിട്ടിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടി കിട്ടി. 'ഇപ്പോൾ അല്പം തിരക്കിലാണ് ഒരു മാസം കഴിഞ്ഞ് ഇങ്ങോട്ടു വിളിക്കാം' എന്നാണ് എഴുതിയിരുന്നത്. മാസങ്ങൾ ഒരു പാട് കടന്നു പോയി അദ്ദേഹം എന്നെ വിളിച്ചില്ല, ഒരാൾ ഒളിച്ചുമാറുമ്പോൾ എങ്ങനെയും അദ്ദേഹത്തെ കണ്ടു പിടിക്കണം എന്ന ആഗ്രഹം കൂടി വന്നു. ഫെയിസ് ബുക്ക് നോക്കുന്ന ഒരു പാട് കാർട്ടൂണിസ്റ്റുകളുമായും ആർട്ടിസ്റ്റുകളുമായും ബന്ധപ്പെട്ടു. അവരോടെല്ലാം ഞാൻ പെൻസിലാശാനെ അറിയുമോ എന്ന് അന്വേഷിച്ചു. രണ്ടു സുഹൃത്തുക്കൾക്ക് അറിയാമായിരുന്നു. അവർ അദ്ദേഹത്തിന്റെ ഫോൺ നമ്പരും അദ്ദേഹത്തിന്റെ യഥാർത്ഥപേരും എല്ലാം പറഞ്ഞു തന്നു. ഫോൺ ചെയ്താൽ ആദ്യമൊക്കെ ബെൽ അടിക്കുമായിരുന്നു. എടുക്കാറില്ല. കുറച്ചു നാൾ കഴിഞ്ഞ് ഫോൺ ബെൽ അടിക്കുന്നുമില്ല. അദ്ദേഹത്തിന്റെ വീട് കണ്ണൂർ ആണ്. ജോലിയുടെ കാര്യത്തിനായി ബാംഗ്ലൂരിലും ദുബായിലുമൊക്കെ പോകാറുണ്ടെന്നും സുഹൃത്തുക്കളിൽ നിന്നും അറിഞ്ഞു. കാർട്ടൂണിസ്റ്റുകൾ പങ്കെടുക്കുന്ന ക്യാമ്പിൽ അദ്ദേഹം വരും അടുത്ത ക്യാമ്പ് നടക്കുന്നിടത്ത് വന്നാൽ ഞങ്ങൾ കാണിച്ചു തരാമെന്നും കാർട്ടൂണിസ്റ്റുകൾ എന്നോടു പറഞ്ഞു.












2023 ജൂലൈ 29, 30, 31 തീയതികളിൽ നടന്ന കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജന്മദിനാഘോഷവും കാർട്ടൂണിസ്റ്റുകളുടെ ക്യാമ്പും കാണാൻ ഞാൻ കായംകുളത്തു പോയി. എന്നെ വിളിച്ച കാർട്ടൂണിസ്റ്റുകൾ അവിടെ വന്നിട്ടുണ്ടായിരുന്നു. പെൻസിലാശാൻ അവിടെ എത്തിയിട്ടുണ്ട് അവർ കാണിച്ചു തരാം എന്നു പറഞ്ഞു. കായംകുളം ബോയ്സ് സ്കൂളിലാണ് ഉദ്ഘാടന പരിപാടി നടന്നത്. ഞാൻ സ്കൂളിൽ നിൽക്കുമ്പോൾ ഒരാൾ എന്റെ അടുത്തെത്തി എന്നോടു ചോദിച്ചു മുതുകുളത്ത് എവിടെയാണ് വീട്? ഞാൻ വീടു നിൽക്കുന്ന സ്ഥലം പറഞ്ഞിട്ട് അദ്ദേഹത്തോട്ടു ചോദിച്ചു മുതുകുളത്താണോ വീട്? അദ്ദേഹം പറഞ്ഞു അല്ല, വേലഞ്ചിറയ്ക്കടുത്ത് പുതിയവിളക്കാരനാണ് ഞാൻ, ഞങ്ങൾ ഇപ്പോൾ താമസിക്കുന്നത് കണ്ണൂർ ആണ്. കണ്ണൂർ എന്നു കേട്ടപ്പോൾ എന്റെ മനസ്സിൽ പെൻസിലാശാൻ വന്നു. ഉടൻ അദ്ദേഹം പറഞ്ഞു ഞാൻ പെൻസിലാശാന്റെ അച്ഛനാണ്. കാർട്ടൂണിസ്റ്റുകൾ കാണിച്ചു തരുന്നതിനു മുൻപ് അച്ഛൻ തന്നെ മകനെ കാണിച്ചു തന്നു. അദ്ദേഹത്തിന്റെ അച്ഛനും അമ്മയും അവിടെ വന്നിട്ടുണ്ടായിരുന്നു. എന്നെ ഫെയിസ് ബുക്കിൽ കണ്ടിട്ടുള്ളതുകൊണ്ടും മകൻ പരിചയപ്പെടുത്തിയതുകൊണ്ടും അവർക്ക് മനസ്സിലായി. അവർ കാണിച്ചു തന്നയുടൻ ഞാൻ മകന്റെ അടുത്തേയ്ക്ക് പോയി. ഞാൻ പുറത്തേയ്ക്കിറങ്ങിയപ്പോൾ മകൻ അപ്രത്യക്ഷനായി. പിന്നീട് അദ്ദേഹത്തെ കണ്ടു. അടുത്ത ദിവസം രാവിലെ അഭിമുഖം തരാമെന്ന് സമ്മതിച്ചു.

ഇനി വായനക്കാർ അറിയാൻ ആഗ്രഹിച്ചിരിക്കുന്ന കാര്യം പറയാം. പെൻസിലാശാന്റെ പേര് എന്താണ് ? ഇതു പോലെ പലരുടെയും തൂലികാനാമത്തിൽ നിന്ന് ഒർജിനൽ പേരുകൾ അറിയാൻ എല്ലാവരും ആഗ്രഹിക്കും. ഉറൂബ് - പി.സി.കുട്ടികൃഷ്ണൻ ആണെന്നും പാറപ്പുറത്ത് - കെ.മത്തായി ആണെന്നും കമലാദാസ് - മധവിക്കുട്ടി ആണെന്നും ചങ്ങമ്പുഴ - കൃഷ്ണപിള്ള ആണെന്നും എല്ലാം വായനക്കാർ അറിഞ്ഞിരിക്കുന്നതു പോലെ പെൻസിലാശാന്റെ പേരും നമ്മൾക്ക് അറിയണം. അദ്ദേഹത്തിന്റെ പേര് വിഷ്ണു മാധവ് എന്നാണ്. വിഷ്ണു മാധവിന്റെ കാർട്ടൂണുകൾ എല്ലാം ആരെയും രസിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതുമായിരുന്നു.

ചായക്കടയിൽ വന്നിരുന്ന് ഒരാൾ ഒരു ചായയും ഒരു കടിയുമെന്ന് പറയുന്നു. ചായകൊടുക്കുന്ന ആൾ മേശപ്പുറത്ത് ചായകൊണ്ടുവയ്ക്കുന്നു. ചായ ഓർഡർ ചെയ്ത ആളിന്റെ കൈ പിടിച്ച് നോവുന്ന ഒരു കടിയും കൊടുത്തു. എന്താ കൃത്യമായില്ലേ? ഒരു ചായയും ഒരു കടിയും ഓർഡർ ചെയ്ത ആളിന് കിട്ടിയില്ലേ? ഇനി ഒരു കാർട്ടൂൺ കൂടി കാണാം. ഒരാൾ ഒരു കവിത ചൊല്ലി തുടങ്ങുന്നു. 'ഭാരതമെന്ന് കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം. കേരളമെന്ന് കേട്ടാലോ...തിളയ്ക്കണം എന്ന് അയാൾ പറയാൻ തുടങ്ങുമ്പോൾ അടുത്തു നിന്ന ആൾ പറയുന്നു 'ചൊറിയണം !'

ഇതു പോലെ ചിരിക്കാനും ചിന്തിക്കാനും അവസരമൊരുക്കുന്ന ഒരുപാട് കാർട്ടൂണുകൾ അദ്ദേഹം വരക്കുന്നു. അടുത്ത ദിവസം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയത്തിൽ വെച്ചായിരുന്നു പരിപാടികൾ. ഞാനും വിഷ്ണു മാധവനും ശങ്കർ സ്മാരക മ്യൂസിയത്തിൽ വെച്ചു വീണ്ടും കണ്ടു. അദ്ദേഹം കാര്യങ്ങൾ പറഞ്ഞു തുടങ്ങി.

'ഞാൻ ജനിച്ചത് കണ്ണൂരാണ്. കണ്ണൂർ ജില്ലയിൽ ഇരിട്ടി എന്ന സ്ഥലത്താണ് ജനനം. അച്ഛന്റെ പേര് അരവിന്ദൻ, അമ്മയുടെ പേര് രാജി അരവിന്ദൻ. രണ്ടു സഹോദരിമാർ ഉണ്ട്. മൂത്ത സഹോദരി ജീജ. രണ്ടാമത്തെ സഹോദരി ജിജി. ജീജയുടെ ഭർത്താവിന്റെ പേര് സുന്ദർലാൽ ജിജിയുടെ ഭർത്താവിന്റെ പേര് ലളിത് മോഹൻ. ഇവർ അടങ്ങിയതാണ് ഞങ്ങളുടെ കുടുംബം. ഞാൻ ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസുവരെ പഠിച്ചത് കീഴൂർ വാഴുന്നവർ യു.പി.എസ്സിലാണ്. അവിടെ പഠിച്ചു കൊണ്ടിരുന്നപ്പോഴാണ് എന്നിലുള്ള ചിത്രകലയെ സാബു മാഷ് പ്രോൽസാഹിപ്പിച്ചത്. ചിത്രരചനയുടെ ബേസിക് സാബു മാഷ് പഠിപ്പിച്ചു. പെൻസിൽ ഡ്രോയിംഗും ജലച്ചായവും എല്ലാം എന്റെ മനസ്സിൽ തട്ടുംവിധം സാബു മാഷ് പറഞ്ഞു തന്നു. ഞാൻ എട്ടു മുതൽ പത്തുവരെയും പതിനൊന്നു മുതൽ പന്ത്രണ്ടു വരെ വേറെ രണ്ടു സ്കൂളുകളിൽ പഠിച്ചു. ഞാൻ സ്കൂളിൽ പഠിക്കുമ്പോഴേ പൊളിറ്റിക്കൽ കാർട്ടൂണുകൾ വരയ്ക്കുമായിരുന്നു. ടി.വിയിൽ കാണുന്ന ന്യൂസും മറ്റും എഴുതി വെച്ചിട്ട് പിറ്റേ ദിവസം സ്കൂളിൽ പോകുന്നതിനു മുൻപ് അതിനെ അടിസ്ഥാനമാക്കി കാർട്ടൂണുകൾ വരയ്ക്കുമായിരുന്നു.

12-ാം ക്ലാസ് പാസ്സായി കഴിഞ്ഞപ്പോൾ കൽക്കട്ടയിൽ നിന്നും 130 കിലോമീറ്റർ വടക്കുള്ള പ്രകൃതി സുന്ദരമായ ബോൽഗ്രപൂർ ഗ്രാമപ്രദേശത്ത് രവീന്ദ്രനാഥ ടാഗോർ സ്ഥാപിച്ച ശാന്തിനികേതൻ വിദ്യാലയത്തിലാണ് ചിത്രരചന പഠിച്ചത്. ധ്യാനനിരതമായ സൈ്വര്യജീവിതം നയിക്കുവാൻ പറ്റിയ അന്തരീക്ഷം രവീന്ദ്രനാഥടാഗോർ അവിടെ ഒരുക്കി. കുട്ടികളെ വിദ്യാലയത്തിന്റെ










സങ്കുചിതമായ ഭിത്തികൾക്കുള്ളിൽനിന്നു മോചിപ്പിച്ച് പ്രകൃതിയുമായിബന്ധമുള്ളവരാക്കിതീർക്കുകയും അവർക്ക് സാമൂഹികമായി ജീവിക്കുവാനും വളരുവാനും സ്വാതന്ത്ര്യം നൽകുകയും ചെയ്യുക എന്നതായിരുന്നു ടാഗോറിന്റെ ലക്ഷ്യം. 1913 –ൽ നോബൽ സമ്മാനത്തിൽ നിന്നു ലഭിച്ച മുഴുവൻ തുകയും ശാന്തിനികേതനു വേണ്ടി അദ്ദേഹം ചിലവഴിച്ചു. 'ഇന്ത്യൻ രാഷ്ട്രീയ ജീവിതത്തിലെ മരുപ്പച്ച' എന്നാണ് ജവഹർലാൽ നെഹ്റു ശാന്തിനികേതനെ വിശേഷിപ്പിച്ചത്. ഈ വിദ്യാലയം വിശ്വഭാരതി സർവ്വകലാശാലയായി.'

വിഷ്ണു മാധവ് അവിടെ നിന്ന് ചിത്രരചന പഠിച്ചു. നേരത്തെ വരച്ചു തുടങ്ങിയ കാർട്ടൂണുകൾ വളരെ ഏറെ മെച്ചമായിത്തുടങ്ങി. ഡിഗ്രി കഴിഞ്ഞ് ഒരു പബ്ലിഷിംഗ് ഇൻഡസ്ട്രിയിൽ വർക്കു ചെയ്യാൻ പോയി.

ഇപ്പോൾ അദ്ദേഹം സോഷ്യൽ മീഡിയയിൽ വളരെ ആക്ടീവ് ആണ്. ചുറ്റുപാടും നടക്കുന്ന ചെറിയ ചെറിയ സംഭവങ്ങളും ഒക്കെ വെച്ചുള്ള കോമിക്സുകളും ചെയ്യുന്നു. കോഴിയേയും ആടിനേയും താറാവിനെയും എല്ലാം കഥാപാത്രമാക്കിക്കൊണ്ട് അതിരസകരമായ കാർട്ടൂണുകൾ വരച്ച് നമ്മുടെ മുന്നിൽ എത്തിച്ചിട്ടുണ്ട്. വളർത്തു മൃഗങ്ങളെയും പക്ഷികളെയും വലിയ ഇഷ്ടമായിരുന്നെങ്കിലും അവയെ അദ്ദേഹത്തിന് പേടിയാണ് എന്നാണ് പറയുന്നത്. കോഴിയും താറാവും ആടും എല്ലാം നമ്മളെക്കുറിച്ച് വിചാരിക്കുന്നതും പറയുന്നതുമാണ് കാർട്ടൂണുകളിൽ വന്നിട്ടുള്ളത്.




പൊതുവെ ചുറ്റി നടന്നു കാണുന്നതും കണ്ടിട്ടുള്ളതുമായ കാര്യങ്ങളാണ് വരയ്ക്കുന്നത്. അദ്ദേഹത്തിന്റേതായ കാഴ്ചപ്പാടിലൂടെയാണ് വരയ്ക്കുന്നത്. പെൻസിൽ വെച്ചു വരച്ചു തുടങ്ങുന്നവരുടെ എല്ലാം മനസ്സിൽ എപ്പോഴും പെൻസിൽ കാണും. പെൻസിലിനെക്കുറിച്ച് വിഷ്ണു മാധവ് പറയുന്നത് 'പെൻസിൽ വെച്ചാണ് വർക്കു ചെയ്യേണ്ടത്; പെൻസിൽ നന്നായിട്ട് ഷാർപ്പു ചെയ്ത് ഉപയോഗിക്കണം എന്നാണ് പഠിപ്പിച്ചിട്ടുള്ളത്. അത്തരം പെൻസിലുകൾ എന്റെ പോക്കറ്റിൽ എപ്പോഴും കാണും. ഇതു കണ്ടുകണ്ട് ഫ്രണ്ട്സ് എന്നെ കളിയാക്കി 'പെൻസിൽ' എന്ന് വിളിക്കാൻ തുടങ്ങി. പിന്നെ ഞാൻ തന്നെ എന്നെ പെൻസിലാശാൻ ആക്കി. എന്റെ തുടക്കം പെൻസിലിൽ ആണ്. എപ്പോഴും എന്റെ കയ്യിൽ പെൻസിൽ ഉണ്ട്. എന്റെ ജീവിതത്തിനോട് അത്ര ക്ലോസായിട്ടു നിൽക്കുന്നത് പെൻസിലാണ്.'

വിഷ്ണു മാധവ് ഇപ്പോൾ ദുബായിൽ ഒരു കമ്പനിയിൽ വർക്കു ചെയ്യുന്നു. വനിതയിൽ മാമുക്കോയയുടെ കുറേ കാർട്ടൂണുകൾ വരച്ചിട്ടുണ്ടായിരുന്നു. നമ്മെ വിട്ടു പോയ സംവിധായകൻ സിദ്ധിഖിനോട് ആദരവ് രേഖപ്പെടുത്തിയും വരച്ചിട്ടുണ്ട്.

'തോരുന്നില്ലല്ലോ പെരുമഴക്കാലം', എന്നതിന് അദ്ദേഹം വരച്ച കാർട്ടൂണുകൾ കണ്ടും വായിച്ചും ആസ്വദിക്കുക. താറാവും കോഴിയും ആടിനോട് പറയുന്നു.' പുറത്തേയ്ക്കിറങ്ങേണ്ട കേട്ടോ? ആട് മൂളുന്നു. കോഴിയുടെയും താറാവിന്റെയും പിന്നിൽ നിൽക്കുന്ന ആൾ കോഴിയോടും താറാവിനോടും പറയുന്നു.'നിങ്ങളും സൂക്ഷിച്ചോളാൻ. അദ്ദേഹം ഇറച്ചി കഴിക്കുന്നതു കണ്ട് താറാവ് പറയുന്നു 'അത് ബീഫാ'.

പെൻസിലാശാന്റെ ചിന്തിക്കാനും ചിരിക്കാനുമുള്ള കാർടൂണുകൾ വായനക്കാരന്റെ മനസ്സിൽ നിന്ന് മാറുകയില്ല! ●




**എൽ.രാജശേഖരൻ മുതുകുളം**

പുസ്തക പരിചയം

# Brands and the Brain

By Arvind Sahay




It is evident that some of the most powerful brands are deeply embedded in our unconscious emotions and memories. The purpose of this book is to develop an understanding of the link between the human brain and brand management principles as well as activities. It will educate readers about brain-operating principles and their impact on how humans perceive brands. The book also analyses how modern brands are created by leveraging brain functioning. In a nutshell, the book explains the indispensable role that the human brain plays in creating, sustaining and rejuvenating brands. Amazon Kindle edition Rs.266/-

# ലോക ഫോട്ടോഗ്രാഫി ദിനം

ലോക ഫോട്ടോഗ്രാഫി ദിനം എല്ലാ വർഷവും ഓഗസ്റ്റ് 19 ന് ആഗോളതലത്തിൽ ആചരിക്കുന്നു. ഓർമ്മകൾ രേഖപ്പെടുത്തുന്ന പ്രക്രിയയായാണ് ഈ ദിവസം ആഘോഷിക്കുന്നത്. കൂടാതെ, ലോകമെമ്പാടുമുള്ള ഫോട്ടോഗ്രാഫർമാർക്കും ഫോട്ടോ പ്രേമികൾക്കും ഇടയിലുള്ള വിടവ് നികത്താനും ഇത് ലക്ഷ്യമിടുന്നു.

1837-ൽ ഫ്രഞ്ചുകാരായ ലൂയിസ് ഡാഗു റെയും ജോസഫ് നൈസെഫോർ നീപ്സും ചേർന്ന് ആദ്യകാല ഫോട്ടോഗ്രാഫി ടെക്നിക് ആയ ഡാഗ്യൂറോടൈപ്പ് സൃഷ്ടിച്ചതോടെയാണ് ലോക ഫോട്ടോഗ്രാഫിദിന തുടക്കം. ലോക ചരിത്രത്തിലാദ്യമായി ഫോട്ടോഗ്രഫി എന്ന വാക്ക് ഉപയോഗിച്ചത് 1830കളിലാണ്. ഫോട്ടോഗ്രഫിയുടെ ആദ്യരൂപമായ ഡൈഗ്രോടൈപ്പ് എന്ന ഉപകരണം ഫ്രഞ്ച് സർക്കാർ ലോകത്തിനു സമർപ്പിച്ചത് 1839 ഓഗസ്റ്റ് 19ന് ആണ്. അന്നു മുതൽ എല്ലാ വർഷവും ഓഗസ്റ്റ് 19-ന് ലോക ഫോട്ടോഗ്രാഫി ദിനം ആഘോഷിക്കുന്നു.

ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള ഫോട്ടോഗ്രാഫർമാർ ഈ ദിനം അവരുടെ കഴിവിന്റെയും വൈദഗ്ധ്യത്തിന്റെയും ദിനമായി ആഘോഷിക്കും. ആയിരം വാക്കുകൾക്ക് തുല്യമാണ് ഒരു ചിത്രം.



ലോകത്തിലെ ആദ്യത്തെ പിൻഹോൾ ക്യാമറയായ ഒബ്സ്ക്യൂറയുടെ പിറവിയ്ക്ക് പിന്നിലും അരിസ്റ്റോട്ടലിന്റെ തത്വമാണ് ഉപയോഗിച്ചിരിക്കുന്നത്. 1800കളിലാണ് ഫോട്ടോഗ്രഫിയുടെ വളർച്ച ലോകം കണ്ടത്. ലോകത്തിലാദ്യമായി ക്യാമറയിലൂടെ ചിത്രമെടുത്തത് 1826ൽ ഫ്രഞ്ചുകാരനായ ജോസഫ് നീസിഫോർ നെയ്പ്സ് ആണ്. ഹീലിയോഗ്രഫി സാങ്കേതിക വിദ്യ ഉപയോഗിച്ച് തന്റെ വീടിന്റെ മുകൾഭാഗത്തുനിന്നുമാണ് അദ്ദേഹം ലോകത്തിലെ ആദ്യ ചിത്രം ക്യാമറയിൽ പകർത്തിയത്.








## സർഗസിദ്ധിയുടെ കലവറ

# ആര്യനാട് രാജേന്ദ്രൻ

അൾത്താരകളുടെ ശില്പി, മെഡിക്കൽ ശില്പി, ചുവർ ശില്പി എന്നിങ്ങനെ കേരളീയ ശില്പകലാ രംഗത്ത് ത്രിമാനാകാരങ്ങളെ കൊണ്ട് വസന്തം തീർത്ത ചിത്രകാരനും ശില്പിയും

2002 ഏപ്രിൽ 8 ന് എനിയ്ക്ക് വലിയൊരു വാഹന അപകടം പറ്റി. ഒരു ബോധവുമില്ലാത്ത എന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയതു. ഭാവദാസ് ഡോക്ടറുടെ ചികിൽസയായിരുന്നു. ഒന്നര മാസത്തെ ചികിത്സ കഴിഞ്ഞപ്പോൾ വീട്ടിലേയ്ക്ക് വിട്ടു. ഓരോ ആഴ്ച കഴിയുമ്പോഴും ഭാവദാസ് ഡോക്ടറെ കാണാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോകണമായിരുന്നു. ചികിത്സ കഴിഞ്ഞ് പുറത്തേയ്ക്കിറങ്ങിയപ്പോഴാണ് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിരിക്കുന്ന അമ്മയും കുഞ്ഞും ശില്പം കാണുന്നത്. അന്ന് അടുത്തു പോയി ശില്പം കാണാൻ പറ്റിയില്ല. ഒരാഴ്ചകഴിഞ്ഞ് രണ്ടാമത് ഡോക്ടറെ കാണാൻ പോയപ്പോൾ ആദ്യം പോയി കണ്ടത് അമ്മയും കുഞ്ഞുമെന്ന ശില്പമായിരുന്നു. ആ ശില്പം മനസ്സിൽ നിന്നു മാറുകയില്ല. സ്വന്തം അമ്മ ആരുടെ മനസ്സിൽ നിന്നും മാറുകയില്ലല്ലോ. വളർത്തി വലുതാക്കിയ അമ്മയുടെ സ്നേഹം നമുക്ക് ലോകത്തിൽ ആരുടെ കയ്യിൽ നിന്നും കിട്ടുകയില്ല. അമ്മയും കുഞ്ഞും ശില്പം ഞാൻ കുറേ നേരം നോക്കി നിന്നു. സ്നേഹം നിറഞ്ഞ അമ്മയുടെ മടിത്തട്ടിൽ കിടന്ന് അമ്മിഞ്ഞപ്പാൽ നുകരുന്ന കുഞ്ഞും ജീവിത സാഫല്യത്തിന്റെ അനർഘ നിമിഷത്തിൽ നിർവൃതി കൊള്ളുന്ന അമ്മയും അതി മനോഹരമായി അവിടെ ആവിഷ്ക്കരിച്ചിരിക്കുന്നു. പ്രകൃതിയുടെ ധന്യവും സംതൃപ്തവുമായ മുഹൂർത്തത്തെ ശില്പാവിഷ്കാരത്തിലൂടെ നമ്മുടെ മെഡിക്കൽ കോളേജിന്റെ മുറ്റത്ത് എത്തിച്ചത് ആര്യനാട് രാജേന്ദ്രൻ ആണ്. അദ്ദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പാത്തോളജി ഡിപ്പാർട്ടുമെന്റിൽ ആർട്ടിസ്റ്റുമോഡലറായി









സേവനമനുഷ്ഠിക്കുകയായിരുന്നു.

ആര്യനാട് എന്ന കൊച്ചു ഗ്രാമത്തിലാണ് രാജേന്ദ്രന്റെ ജനനം. അച്ഛൻ വാസവനും അമ്മ ജഗദമ്മയും.1969-ൽ രാജേന്ദ്രൻ എസ്.എസ്.എൽ.സി.പാസ്സായി. 1969-ൽ തിരുവനന്തപുരം സ്ക്കൂൾ ഓഫ് ഫൈൻ ആർട്സിൽ ചേർന്ന് ശില്പകലയിൽ പരിശീലനം നേടി. അവിടെ ശില്പകലാവിഭാഗം പ്രൊഫസറായിരുന്ന കേശവൻകുട്ടിയുടെയും മാവേലിക്കര രവിവർമ്മാ ഇൻസ്റ്റിട്യൂട്ടിലെ സീനിയർ ഇൻസ്ട്രക്ടറായിരുന്ന ഭാസുരന്റെയും വിദഗ്ധ ശിക്ഷണം രാജേന്ദ്രനു ലഭിച്ചു. 1973-ൽ ശില്പകലയിൽ ഡിപ്ലോമ നേടിയ രാജേന്ദ്രൻ 1974-ൽ വെള്ളനാട് മിത്രാനികേതൻ സ്കൂളിൽ അദ്ധ്യാപകനായി. 1976-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പാത്തോളജി ഡിപ്പാർട്ടുമെന്റിൽ ആർട്ടിസ്റ്റുമോഡലറായി സേവനം ആരംഭിച്ചതോടെ ചലനാത്മകമായി രാജേന്ദ്രന്റെ ശില്പകലാവൈഭവം.


ആര്യനാട് ഗവ: എൽ.പി.സ്ക്കൂളിലെ ശാസ്ത്ര പ്രകടനത്തിൽ അവതരിപ്പിച്ച നിരവധി ശില്പങ്ങളിലൂടെ ആ സർഗ്ഗസിദ്ധിക്ക് നാട്ടിൽ അംഗീകാരം ലഭിച്ചു. ആര്യനാട് നിവാസികൾ ഈ യുവ കലാകാരന്റെ സേവനം പ്രയോജനപ്പെടുത്താൻ സന്നദ്ധരായതിന്റെ സ്മരണകൂടിയാണ് രാജേന്ദ്രൻ അവിടെ നിർമ്മിച്ച സർവ്വമത സൗഹാർദ്ദ മന്ദിരം. ശ്രീബുദ്ധന്റെയും നാരായണഗുരുവിന്റെയും ക്രിസ്തുദേവന്റെയും പ്രതിമകളും മദീനാ ദേവാലയത്തിന്റെ ദൃശ്യരൂപവും ഉൾക്കൊള്ളുന്നതാണ് മത മൈത്രിയുടെ ഈ മണ്ഡപം.


ശില്പിയാണെങ്കിലും രാജേന്ദ്രൻ അതിമനോഹരമായ ധാരാളം ചിത്രങ്ങളും വരച്ചിട്ടുമുണ്ട്. പുകവലിക്കെതിരെ പുകവലിയോട് വെറുപ്പ് തോന്നിക്കുന്ന ധാരാളം ചിത്രങ്ങൾ വരച്ചിട്ടുണ്ട്. മനുഷ്യമനസ്സിൽ നിന്നു മാറ്റാൻ പറ്റാത്ത പ്രകൃതി ദൃശ്യങ്ങളും വരച്ചിട്ടുണ്ട്. സ്നേഹദീപം എന്ന ചിത്രം ജലചായത്തിൽ വരച്ചിരിക്കുന്നു. വിവിധ വർണ്ണങ്ങളിൽ ഒരു ഞെട്ടിൽ ഒന്നുചേർന്നിരിക്കുന്ന നാളീകേരങ്ങൾ നാനാത്വത്തിൽ ഏകത്വം എന്ന നമ്മുടെ ദേശീയ കാഴ്ചപ്പാടിന്റെ പ്രതിരൂപമാണ്. വ്യത്യസ്തമായ സംസ്ക്കാരങ്ങൾ, ഭാഷകൾ, മതങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ ജീവിതരീതികൾ എന്നിവയെല്ലാം ഇതിൽ അന്തർഭവിച്ചിരിക്കുന്നു. മുറിക്കപ്പെട്ട നാളീകേരത്തിൽ നിന്നും ഉയർന്നു പൊങ്ങുന്ന ദീപനാളം സമൂഹത്തിന് വെളിച്ചം പകരുന്നതോടൊപ്പം ജീവിത സമാനം എരിഞ്ഞടങ്ങുന്ന ശാശ്വതസത്യത്തെയും കാണിക്കുന്നു. സമൃദ്ധിയുടെയും, ഐശ്വര്യത്തിന്റെയും സന്തോഷത്തിന്റെയും ഒരു പൊൻപുലരി മനുഷ്യസമൂഹത്തിന് വിഭാവനം ചെയ്യുന്നു. കേരളത്തിന്റെ കല്പവൃക്ഷഫലമായ ഒരു കുല നാളീകേരം പ്രതീകാത്മകമായ ചിത്രമാണ്.

ഇനി അദ്ദേഹത്തിന്റെ ഒരു ചുവർചിത്രം കാണാം. പ്രിയദർശിനി പരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഡിറ്റോറിയത്തിന്റെ ചുവരിൽ ആര്യനാട് രാജേന്ദ്രൻ ചെയ്ത ഹരിജനങ്ങളും ഗാന്ധിജിയും എന്ന റിലീഫ് ചിത്രം സിമന്റ് മാധ്യമത്തിൽ ലോറിലീഫിൽ ചെയ്ത ഈ ചുവർ ശില്പം വ്യത്യസ്ത കാരണങ്ങളാൽ ശ്രദ്ധിക്കപ്പെടുന്നു. ആധുനിക ശൈലിയിലുള്ള ചുവർ ശില്പങ്ങളിൽ നിന്നും വ്യത്യസ്തമായി ഇതൊരു വ്യക്തി പ്രഭാവത്തിന്റെ യഥാതഥാവിഷ്കാരമാണ്. ഇനി അടുത്ത ശില്പം കാണാം, മെയിൻ റോഡിൽ നിന്നും മെഡിക്കൽ കോളേജിലേയ്ക്ക് തിരിയുന്ന കവാടത്തിന്റെ വലതുഭാഗത്തുള്ള ഐലന്റിൽ ഒരു അർദ്ധകായ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. തിരക്കേറിയ പാതവക്കിൽ തിരിച്ചറിയാൻ കഴിയാത്തതാണ് ഈ പോർട്രൈറ്റ് ശില്പം. സാധാരണക്കാർക്ക് സുപരിചിതമല്ലാത്ത വ്യക്തിത്വവും രൂപ പ്രത്യേകതയുമാണ് ശിൽപ്പത്തിന്. അത് ഹിപ്പോക്രാറ്റ്സിന്റെ ശില്പമാണ്. അദ്ദേഹം മെഡിക്കൽ സയൻസിന്റെ പിതാവ് ആണ്. വൈദ്യശാസ്ത്രത്തിൽ പ്രഥമവും മൗലിക പ്രാധാനവുമാണ് ശരീര ഘടനാ ശാസ്ത്രമെന്ന് അടിവരയിട്ട് പ്രസ്താവിച്ച മഹാനാണത്. ഈ അനാട്ടമി ചിത്രശില്പകലാ വിദ്യാർത്ഥികൾക്കും അവരുടെ പഠനത്തിന്റെ പ്രാരംഭത്തിൽ ഒഴിച്ചുകൂടാനാവാത്ത സിലബസാണ്. മെഡിക്കൽ വിദ്യാർത്ഥികളെ സംബന്ധിച്ച് ആന്തരികാവയവ ഘടനയും ഹിസ്റ്റോളജിയും പഠിക്കേണ്ട









തുണ്ട്. ഇതിന് സഹായകമായ അനാട്ടമി എന്ന പ്രഥമ പുസ്തകം രചിച്ച മഹാന്റെ ഛായാ പ്രതിമയാണത്.

കുറ്റാന്വേഷകർക്കു വേണ്ടി മരിച്ച ഒരു സ്ത്രീയുടെ തലയോട്ടിയിലൂടെ അവരുടെ തല സൃഷ്ടിച്ച്, കൊലപാതകം നടത്തിയ ആൾക്ക് ശിക്ഷ വാങ്ങി കൊടുക്കാൻ രാജേന്ദ്രന്റ ശില്പ നിർമ്മാണം എന്ന കലയ്ക്ക് സാധിച്ചു. മനുഷ്യന്റെ ബാഹ്യശരീരഘടന അഥവാ അനാട്ടമിയെ സംബന്ധിക്കുന്ന ഈ സാമാന്യ തത്ത്വമനുസരിച്ച് ഡോക്ടർ ബി. ഉമാദത്തൻ കൊടുത്ത ഒരു സ്ത്രീയുടെ തലയോട്ടി ഡോക്ടറുടെ നിർദ്ദേശപ്രകാരം രാജേന്ദ്രൻ മുഖാസ്ഥിയെ പേപ്പർ പൾപ്പ് പൊതിഞ്ഞ് രൂപഭംഗിയുണ്ടാക്കി ശാസ്ത്രീയ പിൻബലത്തോടെ കണ്ണും മൂക്കും, ചുണ്ടും ചെവിയും പുനഃസ്ഥാപിച്ചു. തലയോട്ടിക്കു പുറത്തായി കൃത്രിമ മുടിയും പുരികവും വെച്ചു പിടിപ്പിച്ചു. അപ്പോഴേക്കും തിരിച്ചറിയാവുന്ന തരത്തിൽ ആ തലയോട്ടി മദ്ധ്യവയസ്കയായ ഒരു സ്ത്രീയുടെ മുഖമായി മാറി. ആ കൃത്രിമ മുഖത്തിന്റെ ഫോട്ടോയെടുത്ത് ക്രൈംബ്രാഞ്ച് പ്രധാന പത്രങ്ങളിൽ എല്ലാം പരസ്യം പ്രസിദ്ധീകരിച്ചു. ഭാഗ്യവശാൽ മൂന്നാംപക്കം എസ്.പിയ്ക്ക് ഒരു ഊമക്കത്ത് ലഭിച്ചു. ഫോട്ടോയിൽ കാണുന്നത് പാല സ്വദേശിയായ ഒരു ഗ്രേസിയുടേതാണെന്നും ഈ സ്ത്രീയെ നാട്ടുകാരനായ ഒരു ലോറി ഡ്രൈവർ കൊന്ന് പുഴയിൽ വലിച്ചെറിഞ്ഞതുമായിരുന്നു. കത്തിലെ സൂചന അനുസരിച്ച് കൊലപാതകിയെ കണ്ടു പിടിച്ച് കുറ്റകൃത്യം തെളിയിക്കുകയും ചെയതു. രാജേന്ദ്രന്റ ശില്പത്തിന് ഇത്തരം ഒരുപാട് കഴിവുകളും ഉണ്ട്.





തിരുവിതാംകൂർ രാജപരമ്പരയിലെ അവിട്ടം തിരുനാൾ ദിവംഗതനായത് എട്ടു വയസ്സുമാത്രം പ്രായമുള്ളപ്പോഴാണ്. നമ്മുടെ നാട്ടിലെ ഒരു കുട്ടിക്കും അത്തരം അനുഭവം ഉണ്ടാകരുത് എന്ന് കരുതി രാജകുടുംബം നാടിനായി നിർമ്മിച്ചു നൽകിയതാണ് ഇന്നു നാം കാണുന്ന ശ്രീ അവിട്ടം തിരുനാൾ ആശുപത്രി. അതിന് പൂർണ്ണത വരണമെങ്കിൽ അവിട്ടം തിരുനാളിന്റെ ആ പ്രായത്തിലുള്ള ഒരു പ്രതിമ കൂടി വേണമെന്ന പലരുടെയും ആഗ്രഹത്തിന്റെ സാക്ഷാത്കാരമാണ് മറ്റൊരു പ്രശസ്ത ശില്പം. 2005ൽ ഈ ശില്പം നിർമ്മിക്കുമ്പോൾ അനാട്ടമി വിഭാഗത്തിലെ മുഖ്യ കലാകാരനായിരുന്നു ആര്യനാട് രാജേന്ദ്രൻ.

ക്രിസ്തീയദേവാലയങ്ങളിലേക്കും മന്ദിരങ്ങളിലേക്കുമായി ധാരാളം ശില്പങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഗാർഡൻ നിർമ്മാണത്തിലും അദ്ദേഹം മുൻപന്തിയിലാണ്. മൂന്നു വണ്ടികൾ ഇടാവുന്ന സ്ഥലത്ത് 10 വണ്ടികളോളം ഇടാവുന്ന തരത്തിൽ അദ്ദേഹം ഗാർഡൻ നിർമ്മിക്കും. സിംഹം, പ്രകടനം, സൂര്യോദയം, ദിനോസറുകൾ, അറിവിന്റെ കരങ്ങളിൽ തുടങ്ങി ധാരാളം ശില്പങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

മലയാള സിനിമയിലെ ആദ്യത്തെ തിരക്കഥാകൃത്തും ഗാനരചയിതാവുമായ മുതുകുളം രാഘവൻപിള്ളയുടെ ഒരു ശില്പം പണിയുക എന്നതാണ് അദ്ദേഹം ഇനിയും ചെയ്യാൻ പോകുന്നത് . അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് വനജ, മകൾ ആര്യജ, മകൻ ജോതിഷ്. ആര്യനാട് രാജേന്ദ്രന്റെ കരങ്ങളിൽ നിന്നും ഇനിയും ധാരാളം ശില്പങ്ങളും ചിത്രങ്ങളും പിറക്കട്ടെ. ●



**എൽ.രാജശേഖരൻ മുതുകുളം**

Coming soon

ഇഫെക്ടീവ് ആഡ്കോം EFFECTIVE

# ADCOM

## Advertising
## Marketing
## Media
## Summit

**(AAMMS)**

*Inviting*

**Partners, Presenters, Participants & Petrons**

For more details contact
effectiveadcom@gmail.com




# Editorials of the month

മാതൃഭൂമി ജൂലൈ 05, 2023

## അക്ഷരമുഖത്തോട് അനാദരം

പുസ്തകങ്ങളെന്നാൽ അറിവാണ്, അറിവാകട്ടെ വെളിച്ചവും. ഏതൊരു സമൂഹത്തിന്റെയും ഏറ്റവും പകിട്ടാർന്ന സാംസ്കാരികോത്പന്നമാണ് പുസ്തകം. എഴുത്തുകാരുടെ മാത്രമല്ല, അവർ ജീവിക്കുന്ന സമൂഹത്തിന്റെതന്നെ ചിന്തയുടെയും ധിഷണാബലത്തിന്റെയും മുദ്രണമാണത്. ചിന്തയുടെ ഈ പ്രകാശനോപാധിയെ ഭരണകൂടങ്ങൾ എക്കാലവും ജാഗ്രതയോടെയാണ് സമീപിച്ചിട്ടുള്ളത്. അഹിതമായ പുസ്തകങ്ങൾ കൂട്ടമായി കത്തിച്ച എത്രയോ ഭരണാധികാരികളുണ്ട്. പുസ്തകങ്ങളുടെ പ്രചാരണമൂല്യവും ഭരണകൂടങ്ങൾക്കറിയാം. പുസ്തകങ്ങളെ തങ്ങളുടെ ആശയപ്രചാരണത്തിനുള്ള ഉപാധിയാക്കുന്നത് ഭരണകൂടങ്ങൾ മുമ്പേ തുടരുന്ന രീതിയാണ്. അത്തരമൊരു പ്രയോഗമാണ് പുസ്തകങ്ങളുടെ പുറംചട്ടയിൽ സംസ്ഥാനസർക്കാരിന്റെ പരസ്യലോഗോ അച്ചടിച്ചുകൊണ്ട് കേരള സാഹിത്യ അക്കാദമി നടത്തിയിരിക്കുന്നത്. പുസ്തകത്തിൽ പ്രചാരണമുദ്രചാർത്തികൊണ്ട് നാടിന്റെ ജ്ഞാനമണ്ഡലത്തിൽ ഇടമുറപ്പിക്കാമെന്ന ചിന്ത അർഥശൂന്യമാണ്. പുസ്തകങ്ങളിൽ പരസ്യലോഗോ അച്ചടിച്ചതുവഴി, അവ രചിച്ച പ്രതിഭാശാലികളോട് അക്കാദമി അധികൃതർ ചെയ്തത് വലിയ നെറികേടാണ്. ഇങ്ങനെയൊരു സ്ഥാപനത്തെ സർക്കാരിന്റെ രാഷ്ട്രീയപ്രചാരണത്തിന് ഉപയോഗിക്കുകയെന്നത് സാംസ്കാരിക കേരളത്തോടു കാട്ടിയ മാപ്പർഹിക്കാത്ത അപരാധവും. നാടിന്റെ അക്ഷരമുഖമാണ് കേരളസാഹിത്യ അക്കാദമിയെന്ന് തിരിച്ചറിയാനുള്ള വിവേകം അതിന്റെ അമരത്തുള്ളവർ ആർജിക്കണം.

---

ദീപിക ജൂലൈ 07, 2023

## മാധ്യമ സ്വാതന്ത്ര്യവും ഭരണകൂടങ്ങളും

ഇന്ത്യ മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് ഏറ്റവുമധികം ചർച്ച ചെയ്യാൻ നിർബന്ധിതമായ കാലത്താണ് നാം ജീവിക്കുന്നത്. അതിന്റെയർഥം മാധ്യമപ്രവർത്തനത്തിനും മാധ്യമസ്വാതന്ത്ര്യത്തിനും എന്തോ ആപത്തു സംഭവിച്ചിട്ടുണ്ടെന്നുതന്നെയാണ്.

തൊഴിലിനോട് ഉത്തരവാദിത്വമോ സമൂഹത്തോട് പ്രതിബദ്ധതയോ ഇല്ലാത്ത ഓൺലൈൻ മാധ്യമപ്രവർത്തനം, സർക്കാരുകളുടെ സ്വേച്ഛാധിപത്യസമാനമായ അസഹിഷ്ണുത എന്നിവയാണ് പ്രധാനമായും ചർച്ചകളിൽ വിഷയമായത്. രണ്ടും കുറ്റമാണെങ്കിലും സർക്കാരുകളുടേത് കൂടുതൽ ഭീതിജനകവും ജനാധിപത്യ-ഭരണഘടനാവിരുദ്ധവുമാണ്. മാധ്യമങ്ങളുടെ റിപ്പോർട്ടുകൾ തെറ്റാണെങ്കിൽ അതിന്റെ പേരിൽ കേസെടുക്കുകയോ വിചാരണ ചെയ്യുകയോ ശിക്ഷിക്കുകയോ ചെയ്യുന്നതിൽ ആർക്കും രണ്ടഭിപ്രായമില്ല. പക്ഷേ വാർത്തകളുടെ പേരിൽ മാധ്യമസ്ഥാപനത്തെ പൂട്ടിക്കുകയാണോ ഉദ്ദേശ്യമെന്നു തോന്നിക്കുന്ന നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഒരു വാർത്തയുടെയോ റിപ്പോർട്ടറുടെയോ പേരിൽ ആ മാധ്യമത്തെ ഇല്ലാതാക്കണമെന്നു ചിന്തിക്കുന്നത് അസഹിഷ്ണുതയാണ്. അത്തരം ലക്ഷ്യങ്ങളിലേക്കു കേന്ദ്രസർക്കാർ നീങ്ങിയതുകൊണ്ടുകൂടിയാണ് ഇന്ത്യ ആഗോള മാധ്യമസ്വാതന്ത്ര്യ സൂചികയിൽ 180ൽ 150-ാം സ്ഥാനത്തേക്ക് അധ:പതിച്ചത്. സ്വാതന്ത്ര്യവും ദുരുപയോഗവും തമ്മിലുള്ള അതിർവരമ്പുകൾ ലംഘിക്കുന്നതു മാധ്യമങ്ങൾക്കു നല്ലതല്ല. സ്വാതന്ത്ര്യത്തെ ദുരുപയോഗമായി ചിത്രീകരിക്കുന്നതും ദുരുപയോഗത്തെ ദുഷ്ടലാക്കോടെ ഉപയോഗിക്കുന്നതും സർക്കാരിനും നല്ലതല്ല. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും തമ്മിലുള്ള അന്തരം കുറയുന്നത് സ്വേച്ഛാധിപത്യത്തെയും ഭരണകൂട ഭീകരതയെയും വെറുക്കുന്നവരെ ആശങ്കപ്പെടുത്തുന്നു.

---

കേരളകൗമുദി ജൂലൈ 14, 2023

## സ്വാഗതാർഹമായ തീരുമാനം

ആശ്രിത നിയമനം അർഹതയുടെ പേരിലല്ല, കാരുണ്യത്തിന്റെ പേരിലാണ് സർക്കാർ നൽകുന്നത്. ഇങ്ങനെ ജോലി ലഭിക്കുന്നവർ തങ്ങളുടെ ആശ്രിതരോട് കാരുണ്യമില്ലാതെ പെരുമാറിയാൽ നടപടി സ്വീകരിക്കാൻ ഇതുവരെ സർക്കാരിന് കഴിയുമായിരുന്നില്ല. ആശ്രിത നിയമനം ലഭിച്ചവർ സംരക്ഷിക്കുന്നില്ലെന്ന നിരവധി പരാതികൾ സർക്കാരിന് ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ആശ്രിതനിയമനം ലഭിച്ചശേഷം ആശ്രിതരെ സംരക്ഷിക്കാത്ത സർക്കാർ ജീവനക്കാരുടെ പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്ന് 25ശതമാനം പിടിച്ചെടുത്ത് അർഹരായവർക്ക് നൽകാനുള്ള തീരുമാനം.

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമാണ് സർക്കാർ ആശ്രിത നിയമനം നൽകുന്നത്. ആശ്രിതരെ സംരക്ഷിക്കാമെന്ന സത്യവാങ്മൂലവും വാങ്ങും. എന്നാൽ ജോലി ലഭിച്ചു കഴിഞ്ഞാൽ ആശ്രിതരെ സംരക്ഷിക്കാത്തവരുടെ എണ്ണം സമീപകാലത്തായി വർദ്ധിച്ചുവരികയായിരുന്നു. ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ട റവന്യൂ ഉദ്യോഗസ്ഥനായ ചന്ദ്രദാസ് നടത്തിയ ശ്രമമാണ് ഇത്തരമൊരു നിയമഭേദഗതിക്ക് സർക്കാരിനെ പ്രാപ്തമാക്കിയത്. ചില ഒറ്റയാൾ പോരാട്ടങ്ങൾ അനീതികളെ ചെറുക്കാൻ പര്യാപ്തമാകുമെന്ന് തെളിയിക്കുന്നതു കൂടിയാണ് ഈ നിയമഭേദഗതി.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും പിന്തുടരാവുന്ന ഒരു മാതൃകയാണിത്. ആശ്രിത സംരക്ഷണം സംബന്ധിച്ച് കേരളം വരുത്തിയ നിയമ ഭേദഗതി വിശദീകരിച്ചുകൊണ്ട് സംസ്ഥാന ചീഫ് സെക്രട്ടറി മറ്റ് സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരെ അറിയിച്ചാൽ അവരും ഈ മാതൃക പിന്തുടരാൻ മടിക്കില്ലെന്നുതന്നെ കരുതാം.

ദീപിക ജൂലൈ 15, 2023

## ശാസ്ത്രം ജയിക്കട്ടെ, തോൽക്കരുത് മനുഷ്യനും

നീൽ ആംസ്ട്രോംഗ് ചന്ദ്രനിലിറങ്ങിയപ്പോൾ അമ്പിളിയമ്മാമനെന്ന കഥാപുരുഷൻ ചമയങ്ങളഴിച്ചുവച്ച് പ്രപഞ്ചത്തിന്റെ അനേക കോടി തുണ്ടുകളിലൊന്നായി മനുഷ്യന്റെ കാൽച്ചുവട്ടിലമരുകയായിരുന്നു. അതിനും 10വർഷം മുമ്പ് 1959ൽ സോവിയറ്റ് യൂണിയനാണ് ചാന്ദ്രപര്യവേക്ഷണങ്ങൾ തുടങ്ങിവച്ചത്. 2008ൽ ആന്ധ്രപ്രദേശിലുള്ള ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് ചന്ദ്രയാൻ1 ദൗത്യത്തിലൂടെ ഇന്ത്യയും ചാന്ദ്രദൗത്യങ്ങൾക്കു തുടക്കമിട്ടു. അവിടെനിന്നുതന്നെ ചന്ദ്രയാൻ 3 വിക്ഷേപണത്തിലൂടെയും ഇന്ത്യ പുത്തൻ കുതിപ്പു നടത്തിയിരിക്കുന്നു. ബഹിരാകാശത്തിന്റെ അനന്തവിസ്മയങ്ങളിലേക്കുള്ള ചവിട്ടുപടി മാത്രമാണ് ചന്ദ്രൻ. ഭൂമിയിൽനിന്നോ ചന്ദ്രനിൽനിന്നോ ഇതരഗ്രഹങ്ങളിലേക്കുൾപ്പെടെ മനുഷ്യൻ നടത്താനിരിക്കുന്ന പുറപ്പാടുകളുടെ തുടക്കമാണ് ഈ ലാൻഡിംഗും. ചന്ദ്രയാൻ 3 വിജയിച്ചാൽ ബഹിരാകാശത്തു ചുറ്റിത്തിരിയാനിരിക്കുന്ന ഭാവിതലമുറയ്ക്ക് ഇന്ത്യയുടെ സംഭാവനയായിരിക്കും അത്. ചന്ദ്രനിൽ നിരവധി ഗവേഷണങ്ങൾ നടത്താനും അറിവുകൾ നൽകാനും തക്കവിധം മികച്ച ഉപകരണങ്ങളാണ് ലാൻഡറിലും റോവറിലുമുള്ളത്.

ശാസ്ത്രപുരോഗതിയുടെ ഗതിവേഗം വർദ്ധിച്ചിരിക്കുന്നു. ബഹിരാകാശ യാത്രകളുടെ അനന്തസാധ്യതകളെ അതിവേഗത്തിലാക്കാൻ ഇനിയിപ്പോൾ നിർമ്മിതബുദ്ധിയും (ആർട്ടിഫിഷൽ ഇന്റലിജൻസ്) ഉണ്ടാകും. അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ പ്രപഞ്ചത്തിന്റെ വിദൂരസാധ്യതകളെ ആശ്ലേഷിക്കാൻ വെമ്പൽകൊള്ളുന്ന മനുഷ്യൻ സ്വന്തം മണ്ണിലെ അയൽക്കാരനെ സ്നേഹിക്കാനുള്ള ഹൃദയവിശാലതകൂടി കൈവരിച്ചിരുന്നെങ്കിൽ...! ശാസ്ത്രം വിജയിച്ചു, മനുഷ്യൻ തോറ്റു എന്ന മരണക്കുറിപ്പെഴുതി പ്രപഞ്ചത്തിൽനിന്ന് ഇറങ്ങിപ്പോകേണ്ട ദൗത്യമല്ല ഹോമോസാപിയൻസ് എന്ന നമുക്കുള്ളത്.

ദീപിക ജൂലൈ 17, 2023

## അധോലോകത്തും നിർമ്മിതബുദ്ധി

മനുഷ്യബുദ്ധിയെ തോൽപ്പിക്കുമെന്നു പ്രതീക്ഷിക്കുകയും ഒപ്പം ഭയപ്പെടുകയും ചെയ്യുന്ന നിർമ്മിതബുദ്ധി (ആർട്ടിഫിഷൽ ഇന്റലിജൻസ്) കേരളത്തിൽ അധോലോക സാന്നിധ്യമറിയിച്ചിരിക്കുന്നു. പരിചയക്കാരന്റെ മുഖം നിർമ്മിതബുദ്ധിയിലൂടെ വ്യാജമായി സൃഷ്ടിച്ചു നടത്തിയ വീഡിയോ കോളിലൂടെയാണ് പണം കുറ്റവാളികൾ തട്ടിയെടുത്തത്. വീഡിയോ കോളിൽ നേരിട്ടു സംസാരിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവരെപ്പോലും സംശയിക്കേണ്ടിവരുന്നത് അസ്വാസ്ഥ്യജനകമാണ്. സംശയിച്ചില്ലെങ്കിൽ എന്തും സംഭവിക്കാമെന്നതു യാഥാർഥ്യവും.

സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ ആളുകൾ ഷെയർ ചെയ്യുന്ന ഫോട്ടോകളാണ് വ്യാജമുഖ നിർമ്മാണത്തിന് തട്ടിപ്പുകാർ ഉപയോഗിക്കുന്നത്. പരിചയമില്ലാത്തവർ വീഡിയോ, ഓഡിയോ കോളിലൂടെ സാമ്പത്തിക സഹായത്തിനായി അഭ്യർത്ഥന നടത്തിയാൽ പ്രതികരിക്കരുതെന്നാണ് പോലീസിന്റെ മുന്നറിയിപ്പ്. എന്നാൽ പരിചയമുള്ളവരുടെ വീഡിയോകോൾ പോലും സംശയിക്കണമെന്ന പാഠമാണു നിർമിതബുദ്ധിയുഗം ആവശ്യപ്പെടുന്നത്. മനോരോഗികളുടെയും കുറ്റവാളികളുടെയും തീവ്രവാദികളുടെയുമൊക്കെ നിയന്ത്രണത്തിലേക്ക് എഐ എത്തിയാൽ സംഭവിക്കാനിരിക്കുന്നത് മനുഷ്യരാശി നേരിട്ടിട്ടില്ലാത്ത ദുരന്തങ്ങളായിരിക്കും. കള്ളക്കേസുകൾക്കും തെളിവുകൾക്കും ഭീകരാക്രമണങ്ങൾക്കും യുദ്ധങ്ങൾക്കുമൊക്കെ എഐ ദുരുപയോഗിക്കപ്പെട്ടേക്കാം. സർക്കാരിനും പോലീസിന്റെ സൈബർ വിഭാഗത്തിനും ഇത് പുതിയൊരു വെല്ലുവിളിയായിരിക്കും. ജനങ്ങൾക്കാകട്ടെ, കൂടുതൽ ജാഗ്രത പുലർത്തേണ്ട കാലത്തിന്റെ തുടക്കവും. കമ്പ്യൂട്ടർ വന്നപ്പോൾ തൊഴിൽ നഷ്ടപ്പെടുമെന്നായിരുന്നു മനുഷ്യരുടെ ആശങ്ക. നിർമ്മിതബുദ്ധിയാകട്ടെ തൊഴിലും സ്വൈരജീവിതവും മാത്രമല്ല, മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യംചെയ്യുന്നതിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു. നിർമ്മിതബുദ്ധിയുടെ ഇരയാകാതിരിക്കാൻ അതിന്റെ നിർമാതാവായ മനുഷ്യൻ കൂടുതൽ ബുദ്ധി ഉപയോഗിക്കേണ്ടിയിരിക്കുന്നു.

ദീപിക ജൂലൈ 24, 2023

## രക്ഷകരെ ചേർത്തുനിർത്താം

റോഡപകടങ്ങളിൽ പരിക്കേറ്റവരെ യഥാസമയം ആശുപത്രിയിൽ എത്തിക്കുന്ന ആളുകളെ നിയമക്കുരുക്കിൽനിന്ന് ഒഴിവാക്കി ചേർത്തുനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കഴിഞ്ഞദിവസം ഹൈക്കോടതി വ്യക്തമാക്കുകയുണ്ടായി. അപകടങ്ങളിൽ പരിക്കേൽക്കുന്നവരെ ആശുപത്രിയിൽ എത്തിക്കുന്ന രക്ഷകരെ കേസിൽ പ്രതിയാക്കിയാൽ ഇത്തരം സാഹചര്യങ്ങളിൽ സഹായിക്കാൻ ആളുകൾ രണ്ടുവട്ടം ആലോചിക്കുമെന്നും പരിക്കേറ്റവർ റോഡിൽ രക്തം വാർന്നു മരിക്കുന്ന ദു:സ്ഥിതിയുണ്ടാകുമെന്നുമായിരുന്നു ഹൈക്കോടതി സിംഗിൾബെഞ്ചിന്റെ നിരീക്ഷണം.

പരിക്കേൽക്കുന്നവരെ ആശുപത്രിയിലെത്തിക്കാൻ ദൃക്സാക്ഷികൾ വിമുഖത കാട്ടുന്നത് അപകടവുമായി ബന്ധപ്പെട്ട കേസുകളിൽ സാക്ഷി പറയേണ്ടിവരുമെന്ന ഭയം മൂലമാണ്. ജീവൻരക്ഷാ പ്രവർത്തനത്തിന് തയാറാകുന്നവർക്ക് ആശുപത്രി അധികാരികളിൽ നിന്നോ പോലീസിൽനിന്നോ മറ്റേതൊരു അധികാരസ്ഥാപങ്ങളിൽനിന്നോ യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാൻ പാടില്ലെന്നും അയാൾക്ക് അപകടവുമായി ബന്ധപ്പെട്ട് യാതൊരുവിധത്തിലുമുള്ള സിവിൽ, ക്രിമിനൽ ബാധ്യതകളുമില്ലെന്നും വ്യക്തമാക്കി 2015ൽ കേന്ദ്ര ഗതാഗത മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കാര്യത്തോടടുക്കുമ്പോൾ കേസും നൂലാമാലകളും പിന്തുടരുന്ന അനാസ്ഥയാണ് ഇപ്പോഴുമുള്ളത്. റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ആശുപത്രികളിൽ ലഭ്യമാണെങ്കിലും യഥാസമയം ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്തതിനാലും പല കാരണങ്ങളാൽ ശരിയായ ചികിത്സ ലഭിക്കാത്തതിനാലും വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെടുന്ന സംഭവങ്ങൾ പലപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. അപകടത്തിൽ പെടുന്നവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് 2021ലെ കേന്ദ്രഗതാഗത മന്ത്രാലയം ഗുഡ് സമരിറ്റൻ അവാർഡ് എന്ന പേരിൽ 5000രൂപയുടെ പുരസ്കാരം ഏർപ്പെടുത്തിയിരുന്നു. നിയമം കർക്കശമാക്കുന്നതിനൊപ്പം ജീവൻരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പ്രോത്സാഹനം നൽകുന്ന ഇത്തരം നടപടികൾമൂലം നമ്മുടെ നിരത്തുകളിലെ മരണം ഒഴിവാക്കാനാകുമെന്നതിൽ സംശയമില്ല.

മലയാളമനോരമ ജൂലൈ 28, 2023

## തിരിച്ചു നൽകേണ്ടത് അനാഥത്വമല്ല

വയോജനങ്ങൾക്കു ശാന്തിയും സുരക്ഷയും നൽകുന്നതോളം വലിയ കടംവീട്ടലില്ല. ഉറ്റവരാരും കൂടെയില്ലാത്ത അശരണർ കൂടിയാവുമ്പോൾ അവരെ ചേർത്തുപിടിക്കേണ്ടതു സമൂഹത്തിന്റെയും സർക്കാരിന്റെയും ഉത്തരവാദിത്തം തന്നെയായി മാറുന്നു. എന്നാൽ ഈ വലിയ ചുമതല എത്രത്തോളം നിറവേറ്റപ്പെടുന്നുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ ജനസംഖ്യയിൽ 2050 ആകുമ്പോഴേക്കും വയോജനങ്ങളുടെ സംഖ്യ ഒരു കോടിയോളമാകുമെന്നാണു നിഗമനം. മുതിർന്ന പൗരരിൽ കൂടുതലും സ്ത്രീകളുമാണ്. അവരിൽതന്നെ ഭർത്താവു മരിച്ചുപോയ സ്ത്രീകളാണു കൂടുതൽ. പല കാരണങ്ങളാലും വീട്ടിൽ ഒറ്റയ്ക്കു താമസിക്കേണ്ടിവരുന്ന വയോജനങ്ങളുടെ കാര്യമാണ് ഏറ്റവും കഷ്ടം. ജീവിത സായാഹ്നത്തിൽ ഒറ്റയ്ക്കു താമസിക്കേണ്ടി വരുന്നവർ അനുഭവിക്കുന്ന സുരക്ഷാപ്രശ്നങ്ങൾക്കൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് അവർക്കുവേണ്ട അടിയന്തര ചികിത്സാസൗകര്യങ്ങളും. ദൂരദിക്കുകളിലും വിദേശങ്ങളിലും ജോലിചെയ്യുന്നവർക്കു മാതാപിതാക്കളെ തനിച്ചാക്കാതെ നിവൃത്തിയില്ലെന്നു വരുന്നു. എന്നാൽ നാട്ടിലുള്ളവർപോലും മാതാപിതാക്കളെ അവഗണിക്കുന്ന സാഹചര്യം അതീവനിർഭാഗ്യകരമാണ്. സുരക്ഷിതത്വത്തിനു വലിയ ഭീഷണികൾ നിലനിൽക്കുന്ന ഇക്കാലത്തു വയോജനകേന്ദ്രങ്ങൾ പോലെയുള്ള സംവിധാനങ്ങൾ ഒരു പരിധിവരെ അനിവാര്യവും ആശ്വാസവുമാണ്. എന്നാൽ വാർധക്യം പല കുടുംബങ്ങളിലും ബാധ്യതയാകുന്നു എന്നതാണു സമൂഹത്തിന്റെ പുതിയ രോഗം.

പ്രശസ്തമായ ഒരു ഹോളിവുഡ് സിനിമയുടെ പേരാണ് 'നോ കൺട്രി ഫോർ ഓൾഡ് മെൻ' വയോജനങ്ങൾക്കു രാജ്യമില്ല എന്ന സങ്കടകരമായ സങ്കൽപ പ്രയോഗത്തോടൊപ്പം നമുക്കൊപ്പമുള്ള എത്രയോ വയോജനങ്ങൾക്കു സുരക്ഷയും സനാഥത്വവുമില്ല എന്ന സമകാലീന യാഥാർഥ്യവും ചേർത്തുവയ്ക്കാം. മുതർന്ന പൗരന്മാർക്കു വേണ്ട പരിരക്ഷയും പരിഗണനയും നൽകുന്നതിൽ ഒരു ഉപേക്ഷയും ഉണ്ടായിക്കൂടാ.

മലയാളമനോരമ ജൂലൈ 29, 2023

## മെഡിക്കൽ പഠനം തട്ടിക്കൂട്ടാകരുത്

ഗുണനിലവാരമുള്ള ചികിത്സയും മെഡിക്കൽ പഠനവും ഉൾപ്പെടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണദൗത്യത്തിനു മറ്റേതു പ്രവർത്തനത്തെക്കാളും മഹനീയമായ സ്ഥാനമാണുള്ളതെന്ന് ആദ്യം തിരിച്ചറിയേണ്ടതു സർക്കാർ തന്നെയാണ്. സംസ്ഥാനത്തെ പൊതുജനാരോഗ്യമേഖലയുടെ ഗുണനിലവാരത്തിന്റെ പ്രധാന അളവുകോൽ സർക്കാർ മെഡിക്കൽ കോളേജുകളാണെന്നു പറയാം. അതുകൊണ്ടുതന്നെ നവീകരിക്കപ്പെടുന്ന അടിസ്ഥാനസൗകര്യങ്ങളും സാധാരണക്കാർക്കു തണലാവുന്ന ആധുനിക ചികിത്സാരീതികളും ഉയർന്ന നിലവാരമുള്ള മെഡിക്കൽ പഠനവുമാകണം ഈ സ്ഥാപനങ്ങളുടെ മുഖമുദ്ര. ഏതു സാഹചര്യത്തിലും അവ സുസജ്ജമായിരിക്കുകയും വേണം. എന്നാൽ അധ്യാപകരുടെ കുറവും അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും നമ്മുടെ പല സർക്കാർ മെഡിക്കൽ കോളേജുകളെയും ബാധിക്കുന്നത് ആരോഗ്യ കേരളത്തെ നാണം കെടുത്തുന്നു.

ആവശ്യത്തിന് അധ്യാപകരോ അടിസ്ഥാനസൗകര്യങ്ങളോ ഇല്ലാത്ത മെഡിക്കൽ കോളേജുകളിലെ എംബിബിഎസ് കോഴ്സിന്റെ അഫിലിയേഷൻ ഇക്കൊല്ലം പുതുക്കിനൽകാനാകില്ലെന്ന് കേരള ആരോഗ്യ സർവകലാശാല അറിയിച്ചതും ഇതോടു ചേർത്തുവയ്ക്കാം. ഇപ്പോൾ അംഗീകാരം റദ്ദാക്കിയ കോളേജുകളിലും എത്രവും വേഗം പ്രശ്നങ്ങൾ പരിഹരിച്ച് വിദ്യാർഥികളുടെയും നാടിന്റെയും ആശങ്കകൾ ഇല്ലാതാക്കണം. സർക്കാർ മെഡിക്കൽ കോളേജുകളുടെ വിശ്വാസ്യത ഒരു കാരണവശാലും കളയരുതെന്ന നിശ്ചയദാർഢ്യം സർക്കാരിന് ഉണ്ടാവുകയും വേണം. പൊതുജനാരോഗ്യം സംരക്ഷിക്കാനുള്ള നടപടികൾ തട്ടിക്കൂട്ടാകുമ്പോൾ കാലത്തോടാവും അതിനു മറുപടി പറയേണ്ടി വരിക.

സുപ്രഭാതം ജൂലൈ 31, 2023

## കാടിനെ നശിപ്പിക്കുന്ന വനഭേദഗതി നിയമം

കേന്ദ്രസർക്കാർ ലോക്സഭയിൽ പാസ്സാക്കിയ വന സംരക്ഷണ ഭേദഗതി ബിൽ 2023 വനസംരക്ഷണത്തിനുള്ള നിലവിലെ ദുർബല നിയമങ്ങളെ വീണ്ടും ദുർബലപ്പെടുത്തുന്നതാണ്. പരിസ്ഥിതി സംരക്ഷണത്തിലൂടെ വരും തലമുറയ്ക്കും ഈ ഭൂമി വാസയോഗ്യമാക്കാനുള്ള കൂട്ടായ പ്രവർത്തനത്തിൽ ലോകം കൈകോർക്കുമ്പോഴാണ് രാജ്യത്തെ വനഭൂമിയെ ചുരുക്കുന്ന ബിൽ സഭ പാസാക്കിയത്. വനസംരക്ഷണത്തിന് അനുകൂലമായ പരാമർശങ്ങളാണ് ആമുഖത്തിലുള്ളതെങ്കിലും വനസമ്പത്തിന് ഭീഷണിയാകുന്ന വ്യവസ്ഥകളാണ് ബില്ലിലുള്ളത്. കർശന നിയമനിർമ്മാണങ്ങളും കോടതിവിധികളുമൊക്കെ കാടിനും പ്രകൃതിക്കും ഒരു പരിധിവരെ സംരക്ഷണ കവചമൊരുക്കുന്നു. വിനോദസഞ്ചാരത്തിനും വാണിജ്യാവശ്യത്തിനും നിയന്ത്രണമില്ലാതെ വനഭൂമി വിട്ടുകൊടുക്കുക എന്നതാണെന്ന വാദത്തെസാധൂകരിക്കുന്നതാണ് വനത്തിന്റെ പുനർനിർവചനം. പശ്ചിമഘട്ട സംരക്ഷണത്തിന് പരിസ്ഥിതിലോല മേഖലകളുടെ വിസ്തൃതി കൂട്ടിയും കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും വന സംരക്ഷണം നടത്തുമ്പോഴാണ് രാജ്യത്തെ വനമേഖലയുടെ വിസ്തൃതിതന്നെ ചുരുക്കുന്ന നിയമത്തിന് അംഗീകാരമാകുന്നത് എന്നത് വിരോധാഭാസം തന്നെയാണ്.

വനനിയമങ്ങളിൽ വെള്ളം ചേർക്കാൻ സർക്കാരിന് അകത്തും പുറത്തുമുള്ള സ്വകാര്യ ലോബികളുടെ ശ്രമങ്ങൾ എക്കാലവും ഉണ്ടായിരുന്നു. ശക്തമായ കോടതിവിധികളും നിയമങ്ങളുമാണ് വനങ്ങൾക്ക് സുരക്ഷാവലയമൊരുക്കുന്നത്. വിശാല താൽപര്യങ്ങളെ കാണാതെ വികസനം, ദേശീയത, സുരക്ഷ, തന്ത്രപ്രധാനകാര്യങ്ങൾ തുടങ്ങിയ തെറ്റായ പ്രയോഗത്തിലൂടെ പരിസ്ഥിതിയിലേക്കുള്ള അധികാര കേന്ദ്രങ്ങളുടെ കടന്നുകയറ്റത്തെ ചെറുക്കാനുള്ള കരുത്തും ശേഷിയും പൊതുസമൂഹം ആർജിക്കേണ്ടതുണ്ട്. ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി പ്രകൃതിയെ ചേർത്തുനിർത്താനുള്ള നീണ്ടപോരാട്ടത്തിന് സമയമായെന്നാണ് പുതിയ വനസംരക്ഷണ ഭേദഗതി ഓർമ്മിപ്പിക്കുന്നത്.

മാതൃഭൂമി ഓഗസ്റ്റ് 01, 2023

## ഇംഗ്ലീഷ് പഠിപ്പിക്കാൻ അത് പഠിച്ചവർ തന്നെ വേണ്ടേ

സാർവത്രികവും സൗജന്യവുമായ പൊതുവിദ്യാഭ്യാസം അഭിമാനമായി കരുതുന്നവരാണ് നമ്മൾ. എന്നാൽ അവകാശവാദങ്ങളുടെയെല്ലാം ഇടയിൽ തല താഴ്ന്നുപോകുന്നൊരു വസ്തുതയുണ്ട്. നമ്മുടെ പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനനിലവാരത്തിന്റെ ദുരവസ്ഥയാണത്. ഒരു ദശകത്തിലേറെ ഇംഗ്ലീഷ് പഠിച്ചാലും ആത്മവിശ്വാസത്തോടെ ആ ഭാഷയിൽ ആശയവിനിമയം സാധ്യമല്ലെന്ന ദു:സ്ഥിതി പകൽപോലെ പ്രകടം. ഇതുകാരണം ഇന്നാട്ടിൽ ബിരുദം സ്വന്തമാക്കിയവർക്കുപോലും ജോലിക്കുവേണ്ടിയുള്ള അഭിമുഖങ്ങളിലുൾപ്പെടെ ശോഭിക്കാൻ കഴിയുന്നില്ലെന്ന ആവലാതി എത്രയോ കാലമായി കേൾക്കുന്നു.

പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനത്തിന്റെ തകരാറുകളാണ് വലിയൊരളവോളം ഇതിനൊക്കെ കാരണമെന്ന വസ്തു തയ്ക്കുനേരെ കണ്ണടച്ചിട്ട് കാര്യമൊന്നുമില്ല. ഇംഗ്ലീഷ് പഠിച്ചവർ വേണം ആ ഭാഷ പഠിപ്പിക്കാൻ എന്ന ന്യായം ഇതുവരെ സർക്കാരിന് മനസ്സിലാവാത്തത് കഷ്ടമെന്നേ പറയേണ്ടൂ. ഇംഗ്ലീഷ് ബി.എഡ്. ഉള്ള അധ്യാപകർ വേണം ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ എന്ന ഹൈക്കോടതിവിധി വന്നിട്ട് രണ്ടു വർഷമായി. അത് നടപ്പാക്കാത്തതിന്റെ പേരിൽ പൊതുവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോടതിയലക്ഷ്യനടപടി നേരിടുന്ന സ്ഥിതിയോളം കാര്യങ്ങളെത്തി.

ഗുണമേന്മയുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ അവകാശവും സർക്കാരിന്റെ ഉത്തരവാദിത്വവുമാണ്. അതു നിർവഹിക്കാതെ സർക്കാർ സംവിധാനങ്ങൾ കണ്ണടച്ചിരുട്ടാക്കിയാൽ വിദ്യാർഥികളുടെ മാത്രമല്ല, നാടിന്റെതന്നെ ഭാവിയാണ് ഇരുട്ടിലാകുന്നത്.

---

കേരളകൗമുദി ഓഗസ്റ്റ് 06, 2023

## ഡാറ്റകളുടെ സംരക്ഷണം

ആധുനിക കാലത്ത് ഏറ്റവും വിലപിടിപ്പുള്ളതാണ് വ്യക്തിഗത ഡാറ്റകൾ. സർക്കാർ ശേഖരിക്കുന്ന ഡാറ്റകൾ വരെ സ്വകാര്യ കമ്പനികൾക്ക് ചോർത്തി നൽകിയതായി ആരോപണങ്ങൾ ഉയർന്ന സ്ഥിതിക്ക് പാർലമെന്റിൽ അവതരിപ്പിച്ച ഡാറ്റ സംരക്ഷണബിൽ ഈ മേഖലയിലെ വലിയ ചുവടുവയ്പായി കരുതാം. ഈ ബിൽപ്രകാരം ഇനിമുതൽ വ്യക്തികൾക്ക് സ്വന്തം ഡാറ്റയിൽ മാറ്റം വരുത്തി അപ്ഡേറ്റ് ചെയ്യാനും വേണ്ടെങ്കിൽ നീക്കം ചെയ്യാനും അധികാരമുണ്ടായിരിക്കും. ഒരു പ്രത്യേക ആവശ്യത്തിനായി ശേഖരിക്കുന്ന ഡാറ്റ മറ്റൊരു കാര്യത്തിന് ഉപയോഗിക്കാൻ പാടില്ലെന്നും നിശ്ചിത കാലാവധി കഴിഞ്ഞ് ഡാറ്റകൾ നശിപ്പിക്കേണ്ടതാണെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് ഡിജിറ്റൽ അവകാശങ്ങൾ ശക്തിയാർജ്ജിക്കാൻ ഇടയാക്കും.

പല ആവശ്യങ്ങൾക്കായി നൽകുന്ന വിവരങ്ങൾ തന്റെ അനുവാദമില്ലാതെ ഉപയോഗിക്കുന്നത് ചോദ്യം ചെയ്യാൻ പൗരന് അവകാശം നൽകുന്നതാണ് ഡാറ്റാ സംരക്ഷണബിൽ. സ്വകാര്യത മൗലികാവകാശമാണെന്ന് സുപ്രീംകോടതി വിധിച്ചതിനുശേഷം വർഷങ്ങൾ കഴിഞ്ഞാണ് ഡാറ്റാ സംരക്ഷണബിൽ വരുന്നത്. ഡാറ്റകളുടെ കൃത്യതയും സുരക്ഷയും ഉറപ്പാക്കുന്നതിനാണ് ബില്ലിലെ വ്യവസ്ഥകൾ പ്രധാന ഊന്നൽ നൽകുന്നത്. അനധികൃത ഉപയോഗം, വിവരങ്ങൾ വെളിപ്പെടുത്തൽ, ഉപയോഗം പങ്കിടൽ, ഏറ്റെടുക്കൽ എന്നിവ അടക്കമുള്ള വിവരലംഘനം ഇക്കാര്യങ്ങൾ ഡാറ്റ പ്രൊട്ടക്ഷൻ ബോർഡിന് റിപ്പോർട്ട് ചെയ്യുന്നതിൽ വരുത്തുന്ന വീഴ്ച തുടങ്ങിയവയ്ക്ക് 200കോടി പിഴ ചുമത്താനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. സുരക്ഷാ പരിരക്ഷകൾ ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടാൽ വിവരങ്ങൾ കൈകാര്യം ചെയ്യാൻ അധികാരമുള്ള ഏജൻസിയായ ഡാറ്റാ ഫിഡ്യൂഷറിക്ക് 250കോടി വരെ പിഴ ചുമത്താനുമാകും. ഇത്രയും പിഴ നൽകേണ്ടിവരുമെന്ന വ്യവസ്ഥ ഡാറ്റ ദുരുപയോഗം ചെയ്യാൻ തുനിയുന്നവർക്ക് ഒരു വലിയ മുന്നറിയിപ്പാണ്.

---

മലയാള മനോരമ ഓഗസ്റ്റ് 07, 2023

## 'വ്യാജാഭ്യാസ'ത്തിന് തടയിടണം

കേരളത്തിന്റെ ഭാവിയുടെ ദിശാസൂചകമായ ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന വാർത്തകളാണു നാം കേട്ടുകൊണ്ടിരിക്കുന്നത്. വ്യാജ ബിരുദ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ഉന്നതപഠനത്തിനും ജോലിക്കും ശ്രമിക്കുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നത് ഈ മേഖലയുടെ വിശ്വാസ്യതയുടെ കടയ്ക്കൽതന്നെ കത്തി വച്ചിരിക്കുന്നു. രാഷ്ട്രീയക്കാരുടെയടക്കം സംരക്ഷണവലയത്തിനുള്ളിൽ മറഞ്ഞുകിടക്കുന്ന എത്രയെത്ര വ്യാജർ ഉണ്ടാവുമെന്ന ആശങ്ക ഉയർത്തിയാണ് തട്ടിപ്പു സംഭവങ്ങൾ പുറത്തുവരുന്നത്.

വ്യാജസർട്ടിഫിക്കറ്റ് നിർമ്മാണം രാജ്യത്തെ കള്ളനോട്ടുപോലെ വ്യാവസായികമായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്ന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ അധികൃതർ പറയുമ്പോൾ അത് അതീവഗൗരവത്തോടെ സർക്കാർ കാണേണ്ടതുണ്ട്. കള്ളനോട്ട് അച്ചടിച്ചു വിതരണം ചെയ്യുന്നതു രാജ്യത്തിന്റെ സമ്പദ്മേഖലയെ എങ്ങനെ ബാധിക്കുമോ അതുപോലെയാണു വ്യാജസർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസമേഖലയെയും ബാധിക്കുന്നത്. വ്യാജസർട്ടിഫിക്കറ്റ് വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ചില വിദേശ സർവകലാശാലകളെങ്കിലും കേരളത്തിലെ വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് കിട്ടയശേഷമേ പ്രവേശന നടപടി തുടങ്ങു എന്ന നിലപാടെടുത്തിട്ടുണ്ട്. വ്യാജസർട്ടിഫിക്കറ്റുകൾ തടയാൻ സർവകലാശാലകൾ ഹോളോഗ്രാമും ക്യൂആർകോഡും ഉറപ്പാക്കേണ്ടതുണ്ട്. എല്ലാ സർട്ടിഫിക്കറ്റുകളും ഡിജിലോക്കറിൽ അപ്‌ലോഡ് ചെയ്യുകയെന്നതാണ് ഇതിനെതിരെയുള്ള ഏറ്റവും ശക്തമായ നടപടികളിലൊന്ന്. ഉന്നതവിദ്യാഭ്യാസ മേഖലയെ നിർബാധം വ്യാജവിളയാട്ടങ്ങൾ നടത്താനുള്ള അരങ്ങാക്കുന്നത് ഭാവിതലമുറയോടു ചെയ്യുന്ന ഏറ്റവും കടുത്ത അനീതിയാണെന്നതിൽ സംശയമില്ല. കൂടുതൽ പുഴുക്കുത്തുകൾ ഉണ്ടാവുന്നതിനുമുൻപ് നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമൂല ശുദ്ധീകരണം ഉണ്ടായേതീരൂ.

കേരളകൗമുദി ഓഗസ്റ്റ് 11, 2023

## സ്വകാര്യ വാഴ്സിറ്റികൾ മികവിന്റെ കേന്ദ്രങ്ങളാവണം

കേരളം വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടെയും കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വർഷങ്ങളോളം വളരെ മുന്നിലായിരുന്നു. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ പിന്നീട് വന്ന പല സ്വകാര്യ വാഴ്സിറ്റികളും മികവിന്റെ കാര്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പിന്നിലാക്കുന്ന നിലയിലാണ് വളർച്ച പ്രാപിച്ചത്. അടിസ്ഥാന വിദ്യാഭ്യാസം നേടിക്കഴിഞ്ഞ് കുട്ടികൾ ഉന്നത പഠനങ്ങൾക്ക് കേരളം വിടുന്നത് ഒരു ട്രെൻഡായി മാറിയിരിക്കുന്നു. നല്ല പഠനത്തിനുള്ള അവസരങ്ങൾ ഇവിടെ ലഭ്യമാകാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. കുട്ടികൾ അന്യസംസ്ഥാനങ്ങളിൽ പഠിക്കാൻ പോകുമ്പോൾ കേരളത്തിന്റെ പണം കൂടിയാണ് അങ്ങോട്ട് ഒഴുകുന്നത്. ഇത് ഭാവിയിൽ കേരളത്തിന് ദോഷമായി ഭവിക്കുന്നു. അതിനാൽ കുട്ടികളുടെ പുറത്തേക്കുള്ള ഒഴുക്ക് തടയേണ്ടത് ഭരണാധികാരികളുടെ ഉത്തരവാദിത്വമാണ്.

കേരളത്തിൽ ഇപ്പോൾതന്നെ നല്ല രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന സ്വകാര്യ വ്യക്തികളും സംഘടനകളും ട്രസ്റ്റുകളും മറ്റും പുതിയ വാഴ്സിറ്റികൾ തുടങ്ങാൻ മുന്നോട്ട് വരുമെന്നും പ്രതീക്ഷിക്കാം. കുറ്റമറ്റ രീതിയിൽ വേണം ഈ വാഴ്സിറ്റിയിലെ പ്രവേശനത്തിന് സംവരണവും മെറിറ്റും സാമൂഹ്യനീതിയും ഉറപ്പാക്കാനുള്ള വ്യവസ്ഥകൾക്ക് രൂപം നൽകേണ്ടത്. വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും പിന്നീട് കോടതി കയറേണ്ട സാഹചര്യം സൃഷ്ടിക്കരുത്. അദ്ധ്യാപകർക്ക് ക്ഷാമമില്ലാത്ത സംസ്ഥാനമാണ് കേരളം. അതിനാൽ ഇവിടെ തുടങ്ങുന്ന ഓരോ സ്വകാര്യ വാഴ്സിറ്റിക്കും മികവിന്റെ കേന്ദ്രങ്ങളാകാൻ കഴിയും. അങ്ങനെ വരുമ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് മാത്രമല്ല വിദേശങ്ങളിൽ നിന്നുപോലും കുട്ടികൾ ഇവിടേക്ക് പഠിക്കാൻ വരുന്ന സാഹചര്യം ഉരുത്തിരിയുമെന്ന് പ്രതീക്ഷിക്കാം.

---

മാധ്യമം ഓഗസ്റ്റ് 16, 2023

## ക്രിമിനൽ നിയമപരിഷ്കാരത്തിലെ തെറ്റും ശരിയും

ബ്രിട്ടീഷ് ഭരണകാലത്ത് 1860ൽ നിലവിൽ വന്ന ഇന്ത്യൻ പീനൽ കോഡ് (ഐ.പി.സി.) 1898ലെ ക്രിമിനൽ നടപടിച്ചട്ടം (സി.ആർ.പി.സി), 1872ലെ ഇന്ത്യൻ എവിഡൻസ് ആക്ട് എന്നിവ പൊളിച്ചെഴുതാൻ ഉദ്ദേശിച്ച് യഥാക്രമം ഭാരതീയ ന്യായസംഹിത, ഭാരതീയ സാക്ഷ്യ ബില്ലുകൾ പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുകയാണ്. കാലഹരണപ്പെട്ടതും മാറിമാറി വരുന്ന സാഹചര്യങ്ങളോട് പൊരുത്തപ്പെടാത്തതുമായ ഒട്ടേറെ നിയമങ്ങളും ശിക്ഷാവ്യവസ്ഥകളും നിലവിലെ ക്രിമിനൽ കോഡിൽ ഉണ്ടെന്നത് സത്യമാണ്. അവ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടെന്ന് പല സാമൂഹിക പരിഷ്കർത്താക്കളും നിയമവിദഗ്ധരും കാലങ്ങളായി ആവശ്യപ്പെട്ടുവരുന്നതുമാണ്.

ലഘുവായ കുറ്റകൃത്യങ്ങൾക്ക് സാമൂഹിക സേവനംപോലുള്ള ശിക്ഷാവിധികൾ, ശിശുഹത്യ, സ്ത്രീപീഡനം പോലുള്ള കുറ്റകൃത്യങ്ങൾക്ക് കൂടുതൽ കഠിനമായ ശിക്ഷ, ആൾക്കൂട്ട കൊലപാതകങ്ങളിൽ പങ്കാളികളായ എല്ലാ പ്രതികൾക്കും ഏഴുവർഷം വരെ തടവ് മുതൽ തൂക്കുമരം ഉൾപ്പെടെയുള്ള ശിക്ഷ, തെളിവു നിയമത്തിൽ വീഡിയോ ഉൾപ്പെടുത്തൽ മുതലായവ സ്വാഗതം ചെയ്യപ്പെടേണ്ടതാണ്.

അതോടൊപ്പം എടുത്തു പറയേണ്ടതാണ് നിയമം നടപ്പാക്കേണ്ട സംവിധാനങ്ങളുടെ അഴിച്ചുപണി. സംഘടിത ക്രിമിനൽ സംഘം എന്ന അപഖ്യാതി ഇതിനകം സമ്പാദിച്ചു കഴിഞ്ഞ നമ്മുടെ പോലീസ് സേനയെ നിലനിർത്തിയും കളങ്കിതമായിക്കൊണ്ടിരിക്കുന്ന ജുഡീഷ്യറിയെ സംശുദ്ധീകരിക്കാതെയും കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ മാത്രം സഹായകമായ കേസ് വിചാരണയിലെ അസഹനീയമായ കാലവിളംബം കാതലായ മാറ്റത്തിന് വിധേയമാക്കാതെയുമുള്ള ഏതു നിയമപരിഷ്കാരവും നിഷ്ഫലമായി കലാശിക്കുകയേയുള്ളൂ.

---

മംഗളം ഓഗസ്റ്റ് 17, 2023

## ചട്ടലംഘകർക്ക് ചികിത്സവേണം

സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരന്തരം ചർച്ചയാകുന്ന കാര്യമാണ്. ഉത്തരവാദിത്വപ്പെട്ട ഡോക്ടർമാരുടെ ചട്ടലംഘനങ്ങൾ ജനരോഷം ഉയർത്തുമ്പോൾ മാത്രമാകും പലപ്പോഴും സർക്കാരിന്റെ ഇടപെടലുണ്ടാകുക. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിയന്ത്രിക്കാൻ തീരുമാനിക്കുകയും ചെയ്തതായി റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നു. ജനങ്ങൾക്കു മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്ന ഏതു തീരുമാനവും സ്വാഗതം ചെയ്യപ്പെടും. കേരളത്തിൽ സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിനു നിയന്ത്രണം വേണമെന്ന കാര്യത്തിൽ തർക്കമുണ്ടാകില്ല. ചെയ്യുന്ന ജോലിയുടെ മഹത്വവും അന്തസ്സും മറന്ന് ഏതു വിധേനയും പണമുണ്ടാക്കാൻ ഇറങ്ങിത്തിരിക്കുന്നവരാണ് ഇത്തരത്തിൽ ചട്ടലംഘനത്തിനു മുതിരുന്നത്. സേവനമാണ് ലക്ഷ്യമെന്നു പറയുന്നവർ ഒരിക്കലും തങ്ങളുടെ കടമ മറന്ന് വഴിവിട്ട രീതികൾ സ്വീകരിക്കില്ല.

ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവരോട് സമൂഹത്തിന് പൊതുവേ വലിയ ആദരവാണുള്ളത്. അതിനിടയിലും ഡോക്ടർമാർക്ക് ഉൾപ്പെടെ ക്രൂരമായ ആക്രമണങ്ങൾ പലപ്പോഴും നേരിടേണ്ടി വരാറുമുണ്ട്. എങ്കിലും ആരോഗ്യപ്രവർത്തകരുടെ സംരക്ഷണം കടമയാണെന്നു വിശ്വസിക്കുന്ന സമൂഹത്തോട് ആരോഗ്യ പ്രവർത്തകർക്കുവേണ്ട ഉത്തരവാദിത്വം കുറയുന്നില്ല. സമൂഹത്തിന്റെ ആദരവും സർക്കാരും കോടതികളും അവർ നൽകുന്ന സേവനത്തെ പരിഗണിച്ച് നൽകുന്ന സംരക്ഷണവും മറയാക്കി ചട്ടലംഘനം നടത്തുന്ന ഡോക്ടർമാരെ നടപടികളിലൂടെ ചികിത്സിച്ച് ഭേദമാക്കാൻ നിയന്ത്രണങ്ങൾ ശക്തിപ്പെടുത്താൻ മടിക്കേണ്ടതില്ല.

# എച്ച്ഡിഎഫ്സി ബാങ്കുമായി കൈകോർത്ത് സ്വിഗ്ഗി

രാജ്യത്തെ പ്രമുഖ ഭക്ഷ്യവിതരണ പ്ലാറ്റ്ഫോമായ സ്വിഗ്ഗി എച്ച്ഡിഎഫ്സി ബാങ്കുമായി ഒന്നിക്കുന്നു. ഇരുകമ്പനികളുടെയും സഹകരണത്തോടെ 'കോ- ബ്രാൻഡഡ് ക്രെഡിറ്റ് കാർഡാണ്' പുറത്തിറക്കിയിരിക്കുന്നത്. മാസ്റ്റർ കാർഡുമായി ചേർന്ന് പ്രവർത്തിക്കുന്ന ഈ കാർഡിൽ 10 ശതമാനം ക്യാഷ് ബാക്ക് ലഭിക്കുന്നതാണ്. ഭക്ഷ്യവിതരണം, പലചരക്ക്, മറ്റ് സേവനങ്ങൾ എന്നിവയ്ക്കെല്ലാം ക്യാഷ്ബാക്ക് ആനുകൂല്യങ്ങൾ ലഭ്യമാകും. കൂടാതെ, ആമസോൺ, ഫ്ലിപ്കാർട്ട്, നൈക, ഒല, ഊബർ, സാറ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ മുഖാന്തരം പണമിടപാട് നടത്തുമ്പോഴും ക്യാഷ് ബാക്ക് ലഭിക്കും. 5 ശതമാനമാണ് ക്യാഷ്ബാക്ക് ലഭിക്കുക.

ഉപഭോക്താക്കൾ നടത്തുന്ന മറ്റ് ഇടപാടുകളിൽ എല്ലാം 1 ശതമാനം ക്യാഷ്ബാക്ക് ലഭിക്കുമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. 'സ്വിഗ്ഗി മണി' എന്ന രൂപത്തിലാണ് ക്യാഷ് ബാക്ക് ലഭിക്കുന്നത്. ഇവ സ്വിഗ്ഗി പ്ലാറ്റ്ഫോമിലൂടെയുള്ള വിനിമയങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. വരും ദിവസങ്ങളിൽ ഉപഭോക്താക്കൾക്ക് കാർഡ് സ്വന്തമാക്കാൻ സാധിക്കും. ആമസോൺ-ഐസിഐസിഐ, ഫ്ലിപ്കാർട്ട്-ആക്സിസ് ബാങ്ക് തുടങ്ങിയ കാർഡുകളാണ് സ്വിഗ്ഗി-എച്ച്ഡിഎഫ്സി കാർഡിന്റെ പ്രധാന എതിരാളികൾ.

# സാംഘിയെ ഏറ്റെടുത്ത് അദാനി

അദാനിയുടെ ഉടമസ്ഥതയിലുള്ള അംബുജ സിമന്റ്സ്, സാംഘി സിമന്റിനെ (സാംഘി ഇൻഡസ്ട്രീസ് ലിമിറ്റഡ്- എസ്.ഐ.എൽ) ഏറ്റെടുത്തു.

ഇന്ത്യയിലെ രണ്ടാമത്തെ വലിയ സിമന്റ് നിർമാതാക്കളായ അംബുജ സിമന്റ്സ് 5,000 കോടിരൂപയ്ക്കാണ് സാംഘിയെ ഏറ്റെടുത്തത്. നിർമാണ മേഖലയിൽ സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു ഏറ്റെടുക്കൽ. ഇത് സംബന്ധിച്ച കരാറിൽ ഒപ്പുവച്ചതായി എക്സ് (ട്വിറ്റർ) ലൂടെയാണ് ഗൗതം അദാനി അറിയിച്ചത്. 2028 ആകുമ്പോഴേക്കും സിമന്റ് ഉത്പാദനം ഇരട്ടിയാക്കുകയാണ് ലക്ഷ്യമെന്നും അദാനി പറഞ്ഞു. ഇന്ത്യയിൽ ഏറ്റവും വിലക്കുറവിൽ സിമന്റ് നിർമാണം നടത്തുന്ന സാംഘി ഇൻഡസ്ട്രീസിനെ അദാനി ഗ്രൂപ്പിനൊപ്പം ചേർക്കുന്നതിൽ സന്തോഷമുണ്ടെന്നും തങ്ങളുടെ കർമഭൂമിയായ കച്ചിൽ കടൽമാർഗമുള്ള കയറ്റുമതിക്ക് സാംഘി സിമന്റ് പ്രചോദനമേകുമെന്നും അദാനി ട്വീറ്റ് ചെയ്തു. സാംഘി ഇൻഡസ്ട്രീസുമായുള്ള കരാർ പ്രകാരം അംബുജ സിമന്റ്സ് സാംഘിയുടെ 56.74 ശതമാനം ഓഹരികൾ സ്വന്തമാക്കി.

2022 ലാണ് അംബുജ സിമന്റ്സ്, എ.സി.സി സിമന്റ്സ് എന്നിവയെ ഗ്രൂപ്പ് ഏറ്റെടുത്തത്. നിലവിൽ എസ്.ഐ.എൽ 6.1 മില്യൺ ടൺ സിമന്റ് ഉൽപാദിപ്പിക്കുന്നുണ്ട്. ഒരു ബില്യൺ ലൈംസ്റ്റോൺ ശേഖരവും കമ്പനിക്കുണ്ട്. ഏറ്റെടുക്കൽ നടക്കുന്നതോടെ അംബുജ സിമന്റിന്റെ വാർഷിക ഉത്പാദനം 73.6 മില്യൻ ആയി ഉയരും. 2028 ഓടെ 140 മില്യൺ ടൺ ഉൽപാദിപ്പിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്.

# എയർ ഇന്ത്യ! ഭാഗ്യചിഹ്നമായ മഹാരാജയിലും മാറ്റങ്ങൾ വരുത്തുന്നു




ടാറ്റാ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രമുഖ വിമാന കമ്പനിയായ എയർ ഇന്ത്യ അടിമുടി മാറുന്നു. പുത്തൻ അഴിച്ചുപണികളുടെ ഭാഗമായി എയർ ഇന്ത്യയുടെ ഭാഗ്യചിഹ്നമായ മഹാരാജയെയും പരിഷ്കരിക്കാനാണ് ടാറ്റ ഗ്രൂപ്പിന്റെ നീക്കം. മാറിവന്ന സാഹചര്യം കണക്കിലെടുത്താണ് ഭാഗ്യചിഹ്നത്തിലും മാറ്റം വരുത്താനുള്ള തീരുമാനത്തിലേക്ക് എയർ ഇന്ത്യ എത്തിയത്.

എയർ ഇന്ത്യയിലെ യാത്രക്കാരിൽ ഭൂരിഭാഗവും ബിസിനസ് യാത്രക്കാരും, കോർപ്പറേറ്റ് എക്സിക്യൂട്ടീവുകളുമാണ്. ഇവർക്ക് മഹാരാജയുടെ പ്രാധാന്യം അറിയണമെന്നില്ല. ഈ സാഹചര്യത്തിലാണ് പുതിയ കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് മറ്റൊരു ഭാഗ്യചിഹ്നം കൊണ്ടുവരാനുള്ള പദ്ധതികൾക്ക് തുടക്കമിടുന്നത്. എയർപോർട്ട് ലോഞ്ച്, പ്രീമിയം ക്ലാസുകൾ എന്നിവിടങ്ങളിൽ മഹാരാജ ചിത്രം തുടർന്നും ഉപയോഗിക്കുമെങ്കിലും, ഇവയെ ഇനി ഭാഗ്യചിഹ്നമായി അവതരിപ്പിക്കില്ല എന്നാണ് സൂചന. 1946 ലാണ് മഹാരാജ ചിത്രം രൂപകൽപ്പന ചെയ്തത്.

# എസ്ബിഐ അക്കൗണ്ട് ഇല്ലെങ്കിലും യുപിഐ ഇടപാട് നടത്താം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉപഭോക്താക്കൾ അല്ലാത്തവർക്കും യുപിഐ ഇടപാടുകൾ നടത്താൻ അവസരം ഒരുക്കുകയാണ് യോനോ ആപ്പ്. എസ്ബിഐയുടെ ഡിജിറ്റൽ ബാങ്കിംഗ് സംവിധാനമായ യോനോ ആപ്പിൽ ഇനി ഏത് ബാങ്ക് അക്കൗണ്ട് ഉപയോഗിച്ചും യുപിഐ ഇടപാട് നടത്താൻ സാധിക്കും. ഡിജിറ്റൽ ബാങ്കിംഗ് ആപ്ലിക്കേഷനുകളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ബാങ്കിന്റെ പുതിയ നീക്കം. 'യോനോ ഫോർ എവരി ഇന്ത്യൻ' എന്ന ആശയമാണ് എസ്ബിഐ മുന്നോട്ടുവയ്ക്കുന്നത്.

ഉപഭോക്താക്കൾക്ക് യോനോ ആപ്പിന്റെ ഏറ്റവും പുതിയ പതിപ്പ് ഗൂഗിൾ പ്ലേ സ്റ്റോർ, ആപ്പ് സ്റ്റോർ എന്നിവയിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇതിൽ രജിസ്റ്റർ നൗ ഓപ്ഷൻ മുഖേന മറ്റ് ബാങ്ക് അക്കൗണ്ട് ഉപഭോക്താക്കൾക്ക് യോനോയിലൂടെ യുപിഐ സേവനം ലഭ്യമാകും.

യോനോ ആപ്ലിക്കേഷനിലെ 'രജിസ്റ്റർ ടു യുപിഐ പേയ്മെന്റ് ' എന്ന ഓപ്ഷൻ തിരഞ്ഞെടുത്ത് ബാങ്കുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പർ രേഖപ്പെടുത്തുക

എസ്എംഎസ് ഉപയോഗിച്ച് മൊബൈൽ നമ്പറിന്റെ വെരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കുക

ഉപഭോക്താവിന് ഏത് ബാങ്കിലാണോ അക്കൗണ്ട് ഉള്ളത് അത് സെലക്ട് ചെയ്ത് യുപിഐ ഐഡി നിർമ്മിക്കുക

അക്കൗണ്ടിൽ ലോഗിൻ ചെയ്യുന്നതിനായി ആറക്ക പിൻ നമ്പർ രേഖപ്പെടുത്തി രജിസ്ട്രേഷൻ പൂർത്തിയാക്കുക

തുടർന്ന് യുപിഐ ഇടപാടുകൾ നടത്താവുന്നതാണ്.

## (IAA) ഇന്ത്യാ ചാപ്റ്റർ ജൂറിയെ പ്രഖ്യാപിച്ചു

ക്രിയേറ്റീവ് മികവിനുള്ള പുരസ്കാരങ്ങൾക്കായി നെസ്‌ലെ ഇന്ത്യ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ സുരേഷ് നാരായണൻ IAA ജൂറി അധ്യക്ഷനാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് ഐഎഎ പ്രസിഡന്റ് അവിനാഷ് പാണ്ഡെ പറഞ്ഞു. ഈ അവാർഡുകൾ അതുല്യമാണ്. വളരെ മുതിർന്ന പരസ്യദാതാക്കൾ മാത്രമാണ് അവരെ വിലയിരുത്തുന്നത്, നിങ്ങൾക്ക് ഈ അവാർഡുകൾ സ്വന്തമായി നൽകാനാവില്ല. പരസ്യങ്ങൾ അവലോകനം ചെയ്യുന്ന ട്രേഡ് പ്രസിദ്ധീകരണങ്ങളുടെ മുതിർന്ന എഡിറ്റർമാരുടെ തിരഞ്ഞെടുത്ത ഗ്രൂപ്പ് ആണ്. അതുവഴി ഇവിടെ അഴിമതി പരസ്യങ്ങളൊന്നും ഇല്ലെന്ന് ഉറപ്പാക്കുന്നു.

മറ്റ് ജൂറി അംഗങ്ങൾ: എം ആർ ജ്യോതി (മാനേജിംഗ് ഡയറക്ടർ, ജ്യോതി ലബോറട്ടറീസ്), ശശാങ്ക് ശ്രീവാസ്തവ (എക്സിക്യൂട്ടീവ് ഡയറക്ടർ, മാരുതി സുസുക്കി ഇന്ത്യ), ഗീതിക മേത്ത (മാനേജിംഗ് ഡയറക്ടർ, ഹെർഷി ഇന്ത്യ) അരുൺ ശ്രീനിവാസ് ഡയറക്ടറും ഹെഡ് - ആഡ്സ് ബിസിനസ്, മെറ്റ), വീട്ടിക ദേവ്റസ്. (വൈസ് പ്രസിഡന്റ് - ബ്രാൻഡുകൾ, മാർക്കറ്റിംഗ്, ഡാറ്റ, ദി ഇന്ത്യൻ ഹോട്ടൽസ് കമ്പനി)

## ASCI-യും ഖൈതാനും പരസ്യ ലോകത്തെ AI-യുടെ നിയമപരമായ സൂക്ഷ്മ പരിശോധന അന്വേഷിക്കുന്നു

അഡ്വർടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യ (ASCI), ഒരു ഫുൾ-സർവീസ് നിയമ സ്ഥാപനമായ ഖൈതാൻ ആൻഡ് കോയ്‌ക്കൊപ്പം, ജനറേറ്റീവ് AI-യുടെ പങ്കിനെക്കുറിച്ച് സമഗ്രമായ ഒരു ധവളപത്രം പുറത്തിറക്കി, വിഷയത്തെ ചുറ്റിപ്പറ്റിയുള്ള സുരക്ഷിതമായ രീതികളും നിയമപരമായ പരിഗണനകളും എടുത്തുകാണിച്ചു. AIയുടെ നിയമപരമായ സങ്കീർണതകൾ കൂടുതൽ മനസ്സിലാക്കുന്നതിനും വിശദീകരിക്കുന്നതിനുമായി രണ്ട് സ്ഥാപനങ്ങളും ഒരു വെബിനാർ അവതരിപ്പിച്ചു. പാനൽ ചർച്ചയിൽ, പരസ്യ ഡൊമെയ്‌നിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എഐ) സംയോജനം ഉയർത്തുന്ന നിയമപരമായ വെല്ലുവിളികൾ വ്യവസായ വിദഗ്ധർ ചർച്ച ചെയ്തു. AI, സർഗ്ഗാത്മകത, പകർപ്പവകാശം, ഡാറ്റ സ്വകാര്യത എന്നിവയുടെ സങ്കീർണ്ണമായ തലങ്ങളിലേക്ക് ചർച്ച വെളിച്ചം വീശി.

എഎസ്‌സിഐയുടെ സിഇഒയും സെക്രട്ടറി ജനറലുമായ മനീഷ കപൂറിനെ ഉൾപ്പെടുത്തിയാണ് സമിതി രൂപീകരിച്ചത്. അസാവാരി മൂൺ, ആഗോള മാർക്കറ്റിംഗ് ലീഡർ, ഗൂഗിൾ ലണ്ടൻ; തനു ബാനർജി, ഖൈതാൻ & കമ്പനിയുടെ പങ്കാളി; സുപ്രതിം ചക്രവർത്തി, അമിത് ഭാസിൻ, മാരികോയിലെ ചീഫ് ലീഗൽ ഓഫീസറും ഗ്രൂപ്പ് ജനറൽ കൗൺസലുമായ ഡോ. അങ്കിത് ബോസ്, എഐ - നാസ്‌കോം മേധാവി എന്നിവർ സംബന്ധിച്ചു.

ഉപയോക്തൃ ഇൻപുട്ടുകളുടെയും പരിശീലന ഡാറ്റയുടെയും അടിസ്ഥാനത്തിൽ വൈവിധ്യമാർന്ന ഔട്ട്‌പുട്ടുകൾ സൃഷ്ടിക്കുന്ന ജനറേറ്റീവ് AI എന്ന ആശയം ഖൈതാൻ ആൻഡ് കോയിലെ പങ്കാളിയായ തനു ബാനർജി അവതരിപ്പിച്ചു. വിൽപ്പന സാമഗ്രികൾ മുതൽ ഡിജിറ്റൽ ആർട്ട് വരെ പരസ്യത്തിൽ ഉള്ളടക്കം സൃഷ്ടിക്കുന്നതിനുള്ള അതിന്റെ സാധ്യതകൾ അവർ വിശദീകരിച്ചു. AI- സൃഷ്ടിച്ച ഉള്ളടക്കത്തിന്റെ പകർപ്പവകാശ ഉടമസ്ഥതയുമായി ബന്ധപ്പെട്ട നിയമപരമായ ആശങ്കകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത ബാനർജി എടുത്തുകാണിച്ചു.

പരസ്യത്തിൽ AIയുടെ സ്വാധീനം നാവിഗേറ്റ് ചെയ്യുന്നതിന് സമഗ്രമായ നിയമ ചട്ടക്കൂടുകളുടെ ആവശ്യകത പാനൽ ചർച്ച പ്രധാനമായും എടുത്തുകാണിച്ചു. പരസ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ AI യുടെ ഉത്തരവാദിത്തവും ധാർമ്മികവുമായ ഉപയോഗം ഉറപ്പാക്കാൻ പകർപ്പവകാശ ഉടമസ്ഥാവകാശം, പക്ഷപാതങ്ങൾ, ഡാറ്റ സ്വകാര്യത ആശങ്കകൾ എന്നിവ പരിഹരിക്കേണ്ടതിന്റെ പ്രാധാന്യം വിദഗ്ധർ അടിവരയിട്ടു, അതേ സമയം മാർക്കറ്റിംഗ് ലോകത്ത് പുതിയ സാങ്കേതികവിദ്യയുടെ സാധ്യതകളെക്കുറിച്ചും അവർ സംവാദം നടത്തി.

## ഷോർട്ട് ഫിലിം, ഡോക്യുമെന്ററി ഫെസ്റ്റിവൽ: എൻട്രി ക്ഷണിച്ചു

രഥചക്ര ക്രിയേഷൻസ് സംഘടിപ്പിക്കുന്ന ഷോർട്ട് ഫിലിം, ഡോക്യുമെന്ററി, ചിൽഡ്രൻസ് ഫിലിം, മ്യൂസിക്കൽ വീഡിയോ, കവർ സോങ് ഫെസ്റ്റിവലിലേയ്ക്ക് എൻട്രി ക്ഷണിച്ചു. വിജയികൾക്ക് ക്യാഷ് പ്രൈസ്, മെമന്റോ, സർട്ടിഫിക്കറ്റ് എന്നിവ നൽകും. കൂടാതെ രഥചക്ര ക്രിയേഷൻസിന്റെ എക്സലൻസ് അവാർഡും സർട്ടിഫിക്കറ്റും നൽകി ആദരിക്കും. പ്രോഗ്രാമിന്റെ പെൻഡ്രൈവ് /സിഡി /ഡിവിഡി (യൂട്യൂബിൽ റിലീസ് ചെയ്തിട്ടുള്ളവർ ലിങ്ക് അയച്ചാൽ മതിയാകും ) യും വിശദ വിവരങ്ങളും സഹിതം അപേക്ഷിക്കുക. എൻട്രി ഫീസ് 1000 രൂപയാണ്.എൻട്രി ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 20 ആണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9447128677, 8848641581.

## ASCI സെലിബ്രിറ്റികളുടെ നിർവചനം വിശാലമാക്കുന്നു

അഡ്വർടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യ (ASCI) അതിന്റെ കോഡിലെ സെലിബ്രിറ്റികളുടെ നിർവചനം അപ്ഡേറ്റ് ചെയ്ത് 500,000-മോ അതിൽ കൂടുതലോ ആളുകൾ പിന്തുടരുന്ന, സോഷ്യൽ മീഡിയ സ്വാധീനിക്കുന്നവരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെലിബ്രിറ്റികളുടെ സാക്ഷ്യപത്രങ്ങൾ അവരുടെ യഥാർത്ഥവും സമീപകാലവുമായ അഭിപ്രായം പ്രതിഫലിപ്പിക്കുന്നതും പരസ്യം ചെയ്യുന്ന ഉൽപ്പന്നത്തെയോ സേവനത്തെയോ കുറിച്ചുള്ള മതിയായ വിവരങ്ങളെയോ അനുഭവത്തെയോ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. ക്ലെയിമുകൾ ഫീച്ചർ ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ സെലിബ്രിറ്റികൾ ജാഗ്രത പാലിക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധിക്കുന്നു.

1954-ലെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ട് പ്രകാരം പരസ്യം ചെയ്യുന്നതിനായി നിരോധിച്ചിരിക്കുന്ന ഉൽപ്പന്നത്തിന്റെയോ ചികിത്സയുടെയോ പരിഹാരങ്ങളുടെയോ പരസ്യത്തിൽ സെലിബ്രിറ്റികൾ പങ്കെടുക്കരുതെന്ന് ASCI കോഡ് ആവശ്യപ്പെടുന്നു; കൂടാതെ 1940 ലെ അപ്ഡേറ്റ് ചെയ്ത ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക് ആക്ട്, റൂൾസ് 1945 (ഷെഡ്യൂൾ ജെ) എന്നിവ പാലിക്കണമെന്നും കമ്പനി വ്യക്തമാക്കി.

ചരിത്രപരമായി, ബ്രാൻഡുകൾക്ക് വിശ്വാസ്യത നൽകാനും വലിയ ജനക്കൂട്ടത്തെ സ്വാധീനിക്കാനും കഴിയുന്ന സെലിബ്രിറ്റികളിൽ പ്രധാനമായും ജനപ്രിയ അഭിനേതാക്കളും കായിക താരങ്ങളും ഉൾപ്പെടുന്നു. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ, സോഷ്യൽ മീഡിയയിൽ സ്വാധീനം ചെലുത്തുന്നവരുടെ സ്വാധീനത്തിന്റെ പുതിയ മാറ്റങ്ങൾ സൃഷ്ടിച്ചു. ഈ സാഹചര്യത്തിൽ, സെലിബ്രിറ്റികളുടെ നിർവചനം വിപുലീകരിച്ച് സ്വാധീനിക്കുന്നവരെ കൂടി ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്.

*around us*

A.Satheesh




Printed, Published and Owned by Mathew K., Effective Publications, Mulamoottil Building, Cathedral Road, Manorama South, Kottayam - 686 001 Kerala. and Printed at Southern Printing House, Sastri Road Extn., Mugal Palace Building, Collectorate P.O., Kottayam - 686 002, Kerala.

EFFECTIVE ADCOM 2023 August - September Date of publication 01/09/2023
RNI Reg. No. KERBIL/2014/64776, Registered. Reg. No. KL/KTM/113/2019-21, Price: Rs. 50/-

# Quickerala ഉണ്ടെങ്കിൽ
# കാര്യം നിസ്സാരം

Your Search | Location | SEARCH

***എന്ത് ബിസിനസ്സ് നടത്തുന്നവരുടേയും കോൺടാക്റ്റ് ഡീറ്റെയിൽസിനായി ലോഗോൺ ചെയ്യൂ***

***അല്ലെങ്കിൽ app ഡൗൺലോഡ് ചെയ്യൂ***

Download from Windows Store | ANDROID APP ON Google play | Available on the App Store

**Quickerala.com**

*Kerala's largest online business directory*

Customer Care : **04812222222**

mail: support@quickerala.com